# പതിനാലാം കേരള നിയമസഭ
# (FOURTEENTH KERALA LEGISLATIVE ASSEMBLY)

## സബ്ജക്ട് കമ്മിറ്റി V
## (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

**ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച**
**ഒന്നാമത് റിപ്പോർട്ട്**
**(2016-2017)**

**FIRST REPORT ON THE SCRUTINY OF**
**DEMANDS FOR GRANTS**
**(2016-2017)**

2016 സെപ്റ്റംബർ 26-ാം തീയതി സമർപ്പിച്ചത്
(Presented on 26th September, 2016)


കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2016

SECRETARIAT OF THE KERALA LEGISLATURE
THIRUVANANTHAPURAM
2016

പതിനാലാം കേരള നിയമസഭ

(FOURTEENTH KERALA LEGISLATIVE ASSEMBLY)

# സബ്ജക്ട് കമ്മിറ്റി V
# (SUBJECT COMMITTEE V)

## മരാമത്തും ഗതാഗതവും വാർത്താവിനിമയവും
## (WORKS, TRANSPORT AND COMMUNICATIONS)

ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച
ഒന്നാമത് റിപ്പോർട്ട്

(2016-2017)

FIRST REPORT ON THE SCRUTINY OF
DEMANDS FOR GRANTS
(2016-2017)

839/2016.

# ഉള്ളടക്കം


| | | |
|---|---|---|
| | | പേജ് |
| സമിതിയുടെ ഘടന | .. | v |
| അവതാരിക | .. | vii |
| റിപ്പോർട്ട് | .. | 1 |

## സബ്ജക്റ്റ് കമ്മിറ്റി V

## (മരാമത്തും ഗതാഗതവും വാർത്താവിനിമയവും)

## (2016-2018)

**ഘടന**

ചെയർമാൻ :

ശ്രീ. ജി. സുധാകരൻ,
പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി.

എക്സ്-ഒഫീഷ്യോ അംഗങ്ങൾ :

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,
തുറമുഖവും മ്യൂസിയവും പുരാവസ്തുസംരക്ഷണവും വകുപ്പുമന്ത്രി.

ശ്രീ. എ. കെ. ശശീന്ദ്രൻ,
ഗതാഗത വകുപ്പുമന്ത്രി.

അംഗങ്ങൾ :

ശ്രീ. കെ. വി. അബ്ദുൾ ഖാദർ

ശ്രീ. വി. അബ്ദുറഹിമാൻ

ശ്രീ. ജോൺ ഫെർണാണ്ടസ്

ശ്രീ. കെ. മുരളീധരൻ

ശ്രീ. ഒ. രാജഗോപാൽ

ശ്രീ. എൻ. ഷംസുദ്ദീൻ

ശ്രീ. വി. ആർ. സുനിൽ കുമാർ

ശ്രീ. സി. എഫ്. തോമസ്.

നിയമസഭാ സെക്രട്ടേറിയറ്റ്:

ശ്രീമതി പി. ജയലക്ഷ്മി, സെക്രട്ടറി-ഇൻ-ചാർജ്

ശ്രീമതി ഷൈല, എ., ജോയിന്റ് സെക്രട്ടറി

ശ്രീമതി രമാദേവിഅമ്മ, എസ്., ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. കെ. വിജയകുമാർ, അണ്ടർ സെക്രട്ടറി.

# അവതാരിക

2016-2017 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സബ്ജക്ട് കമ്മിറ്റി V (പൊതുമരാമത്തും ഗതാഗതവും വാർത്താവിനിമയവും)-ന്റെ പരിധിയിൽ വരുന്ന ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സമിതിയുടെ ഒന്നാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

2016 ജൂലൈ മാസം 26, ആഗസ്റ്റ് മാസം 9, 16 എന്നീ തീയതികളിൽ സമിതിയോഗം ചേർന്നു, കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലും ഇത് സംബന്ധമായി പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങളിലും വ്യവസ്ഥ ചെയ്തിട്ടുള്ളവിധം താഴെപ്പറയുന്ന ധനാഭ്യർത്ഥനകളിൽ ഉൾക്കൊള്ളുന്ന വിവിധ ചെലവിനങ്ങൾ സമിതി പരിശോധിച്ചു:

| | |
|---|---|
| ധനാഭ്യർത്ഥന നമ്പർ IX | —വാഹന നികുതികൾ |
| ധനാഭ്യർത്ഥന നമ്പർ XV | —പൊതുമരാമത്ത് |
| ധനാഭ്യർത്ഥന നമ്പർ XL | —തുറമുഖങ്ങൾ |
| ധനാഭ്യർത്ഥന നമ്പർ XLI | —ഗതാഗതം |

ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും ലഭിച്ച കുറിപ്പുകൾ പരിശോധനാവേളയിൽ സമിതി പരിഗണിക്കുകയും ആവശ്യമായ ഘട്ടങ്ങളിൽ സന്നിഹിതരായിരുന്ന ഉദ്യോഗസ്ഥരിൽ നിന്നും കൂടുതൽ വിശദീകരണങ്ങൾ ആരായുകയും ചെയ്തു.

ഭരണഘടനാപരവും സാമ്പത്തികവുമായ പരിമിതികൾക്ക് വിധേയമായി സമിതി അതിന്റെ നിർദ്ദേശങ്ങൾക്കും ശിപാർശകൾക്കും രൂപംനൽകുകയും അവ റിപ്പോർട്ടിൽ ഉൾക്കൊള്ളിക്കുകയും ചെയ്തിരിക്കുന്നു.

2016 ആഗസ്റ്റ് മാസം 16-ാം തീയതി ചേർന്ന യോഗത്തിൽ ഈ റിപ്പോർട്ട് സമിതി അംഗീകരിച്ചു.

ജി. സുധാകരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

തിരുവനന്തപുരം,
2016 ആഗസ്റ്റ് 16.

# റിപ്പോർട്ട്
## ധനാഭ്യർത്ഥന നമ്പർ IX - വാഹന നികതികൾ

| | | |
|---|---|---|
| വോട്ട് ചെയ്തത് | - | 120,09,41,000/- രൂപ |
| ചാർജ്ജ് ചെയ്തത് | - | 1,000/-രൂപ |

2041 - വാഹന നികുതികൾ
2041-00-001 - വാഹന നികുതികൾ - നടത്തിപ്പും ഭരണവും

വിഹിതം - 72,94,41,000/- രൂപ (നോൺ പ്ലാൻ)

1. ഭരണ ചെലവുകൾക്കും മോട്ടോർ വാഹന വകുപ്പിന്റെ നവീകരണത്തിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.08 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2041-00-102-99 - വാഹന നികുതികൾ - മോട്ടോർ വാഹനങ്ങളുടെ പരിശോധന - മോട്ടോർ വാഹനങ്ങളുടെ പരിശോധന

വിഹിതം - 47,14,01,000/- രൂപ (നോൺ പ്ലാൻ)

2. മോട്ടോർ വാഹനങ്ങളുടെ പരിശോധനയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1.5827 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

### ധനാഭ്യർത്ഥന നമ്പർ XV-പൊതുമരാമത്ത്

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 4747,03,11,000/- രൂപ |
| ചാർജ്ജ് ചെയ്തത് | : | 48,70,97,000/- രൂപ |

2059 - പൊതുമരാമത്ത്
2059-01-051 - പൊതുമരാമത്ത്-ഓഫീസ് കെട്ടിടങ്ങൾ-നിർമ്മാണം

വിഹിതം: 90,01,000/-രൂപ (നോൺ പ്ലാൻ)

3. കേരള നിയമസഭ, നീതിന്യായനിർവ്വഹണം, ഇലക്ഷൻ, ഭൂനികുതി, രജിസ്ട്രേഷൻ, വില്പനനികുതി, പോലീസ്, വിദ്യാഭ്യാസം തുടങ്ങിയ വകുപ്പുകളുടെ

ഓഫീസ് കെട്ടിടങ്ങളുടെ ചെറുകിട മരാമത്ത് പണികൾക്കും ഇൻവെസ്റ്റിഗേഷൻ വർക്കുകൾക്കുമുള്ള തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 6.35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-01-053 - പൊതുമരാമത്ത്-ഓഫീസ് കെട്ടിടങ്ങൾ-സംരക്ഷണവും അറ്റകുറ്റപണികളും.

വിഹിതം : 33,18,92,000 രൂപ (നോൺ പ്ലാൻ)

4. വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസ് കെട്ടിടങ്ങളുടെ സംരക്ഷണത്തിനും സെക്രട്ടേറിയറ്റിന്റെ സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 13.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-60-053 - പൊതുമരാമത്ത്-മറ്റു കെട്ടിടങ്ങൾ- സംരക്ഷണവും അറ്റകുറ്റപ്പണികളും
വിഹിതം : 60,25,01,000 രൂപ (നോൺ പ്ലാൻ)

5. നീതിന്യായ നിർവ്വഹണം, ഭൂനികുതി, രജിസ്ട്രേഷൻ, പോലീസ്, ജയിൽ, വില്പന നികുതി,ആരോഗ്യം തുടങ്ങിയ വകുപ്പുകളുടെ മറ്റ് കെട്ടിടങ്ങൾക്കുള്ള സംരക്ഷണത്തിനും അറ്റകുറ്റപ്പണികൾക്കുമായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. ആയതിനാൽ 5.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-80-001-99 (01) - പൊതുമരാമത്ത്-ജനറൽ - ഭരണവും നടത്തിപ്പും-നടത്തിപ്പ് (ചീഫ് എഞ്ചിനീയർ കെട്ടിടങ്ങളും ലോക്കൽ പണികളും)
(02)-നടത്തിപ്പ് (ചീഫ് ആർക്കിടെക്ട്, പൊതുമരാമത്ത്)
വിഹിതം: 12,94,82,000 രൂപ (നോൺ പ്ലാൻ)

6. കെട്ടിട വിഭാഗം ചീഫ് എഞ്ചിനീയറുടെയും ജീവനക്കാരുടെയും ശമ്പളം, ചീഫ് ആർക്കിടെക്റ്റിന്റെയും ജീവനക്കാരുടെയും ശമ്പളം തുടങ്ങിയവയ്ക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ടൂർ റ്റി.എ.യ്ക്ക് 2,00,000/- രൂപയും ഡി.എ.എയ്യിൽ 1,50,000 രൂപയും ഓഫീസ് ചെലവുകളിൽ മറ്റിനത്തിൽ 1,50,000/- രൂപയും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 1,00,000/- രൂപയും മറ്റിനങ്ങളിൽ 1 ലക്ഷം രൂപയും സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളിൽ 15 ലക്ഷം രൂപയും 'പ്രൈസ്' സോഫ്റ്റ്‌വെയറിന്റെ വികസനത്തിന് കമ്പ്യൂട്ടർ വാങ്ങുന്നതിനായി 1376.85 ലക്ഷം

രൂപയും സെർവർ വാങ്ങുന്നതിനും റെസ്റ്റ്ഹൗസിൽ ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ വാങ്ങുന്നതിനായി 307 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-80-001-98 - പൊതുമരാമത്ത്-ജനറൽ-ഭരണവും നടത്തിപ്പും-മേൽനോട്ടം

വിഹിതം:- 7,40,49,000 രൂപ (നോൺ പ്ലാൻ)

7. കെട്ടിട വിഭാഗത്തിലെ ജുഡീഷ്യൽ സർക്കിൾ എറണാകുളം ഉൾപ്പെടെ നാല് സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെയും അനുബന്ധ ജീവനക്കാരുടെയും ശമ്പളം ഈ ശീർഷകത്തിൽ നിന്നാണ് വഹിക്കുന്നത്. ടൂർ റ്റി.എ, പി.ഒ.എൽ മറ്റ് ഇനങ്ങൾ, മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും എന്നിവയിൽ അനുവദിച്ച തുക പര്യാപ്തമല്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15.5 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-80-001-97 - പൊതുമരാമത്ത് - ജനറൽ - ഭരണവും നടത്തിപ്പും-നിർവ്വഹണം.

വിഹിതം : 135,89,13,000/- രൂപ (നോൺ പ്ലാൻ)

8. കെട്ടിട വിഭാഗത്തിന് കീഴിലുള്ള 19 ഡിവിഷനുകളിലെ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും, ജീവനക്കാരുടെയും ശമ്പളം, പൊതുമരാമത്ത് റസ്റ്റ്ഹൗസ് ജീവനക്കാരുടെ ശമ്പളം, ലെജിസ്ലേച്ചർ കോംപ്ലക്സിലേയ്ക്ക് നിയോഗിക്കപ്പെട്ട ജീവനക്കാരുടെ ശമ്പളം എന്നിവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. ഈ ശീർഷകത്തിൽ അവധി യാത്രാനുകൂല്യത്തിന് 5 ലക്ഷം രൂപയും ടെലഫോൺ ചെലവുകൾക്ക് 20 ലക്ഷം രൂപയും മറ്റിനങ്ങൾക്ക് 25 ലക്ഷം രൂപയും മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് 15 ലക്ഷം രൂപയും പി.ഒ.എല്ലിന് 10 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

2059-80-053-പൊതുമരാമത്ത് - ജനറൽ - സംരക്ഷണവും അറ്റകുറ്റപ്പണികളും

വിഹിതം: 21,56,03,000/- രൂപ (നോൺ പ്ലാൻ)

9. കെട്ടിടങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, വൈദ്യുത സാമഗ്രികളുടെ സംരക്ഷണവും രാജ്ഭവൻ സജ്ജീകരിക്കൽ, തിരുവനന്തപുരം നഗരത്തിലുള്ള സർക്കാർ കെട്ടിടങ്ങളുടെ സംരക്ഷണം, ന്യൂഡൽഹിയിലെ കേരളാ ഹൗസിന്റെ പണികൾ എന്നിവ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 12.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054 - റോഡുകളും പാലങ്ങളും.

3054-01-001-99 - റോഡുകളും പാലങ്ങളും - നാഷണൽ ഹൈവേയ്സ് - ഭരണവും നടത്തിപ്പും - ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ.

വിഹിതം: 4,04,22,000/- രൂപ (നോൺ പ്ലാൻ)

10. ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേ ഓഫീസിലെ വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ തുടങ്ങിയ എല്ലാ ചെലവുകളും ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. ഈ ശീർഷകത്തിൽ യാത്രാബത്ത ഇനത്തിൽ 9 ലക്ഷം രൂപയും യാത്രാ ആനുകൂല്യയിനത്തിൽ 1,50,000 രൂപയും വേതനം 10 ലക്ഷം രൂപയും ഓഫീസ് ചെലവുകൾ 11 ലക്ഷം രൂപയും മെഡിക്കൽ റീ ഇംബേഴ്സ്മെന്റിൽ 4 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-01-001-98 -റോഡുകളും പാലങ്ങളും -നാഷണൽ ഹൈവേയ്സ്- ഭരണവും നടത്തിപ്പും - മേൽനോട്ടവും നിർവ്വഹണവും

വിഹിതം: 54,26,49,000 രൂപ (നോൺ പ്ലാൻ)

11. ചീഫ് എഞ്ചിനീയർ, നാഷണൽ ഹൈവേയുടെ കീഴിലുള്ള സർക്കിൾ ഓഫീസുകൾ, ഡിവിഷണൽ ഓഫീസുകൾ എന്നിവയിലെ ശമ്പളം, ഓഫീസ് ചെലവുകൾ തുടങ്ങിയവ ഈ ശീർഷകത്തിൽ നിന്നാണ് നിർവ്വഹിക്കുന്നത്. നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ സ്കോളർഷിപ്പുകളും സ്റ്റൈപ്പന്റുകളും ഇനത്തിൽ 10 ലക്ഷം രൂപയും ഇലക്ട്രിസിറ്റി ചാർജ്ജ്, ടെലഫോൺ ചാർജ്ജ്, വെള്ളക്കരം എന്നിവയ്ക്ക് 30 ലക്ഷം രൂപയും, പി.ഒ.എൽ.- ഇനത്തിൽ 20 ലക്ഷം രൂപയും, മെഡിക്കൽ റീ ഇംബേഴ്സ്മെന്റിൽ 6 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-01-337-99 - റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേകൾ - റോഡുപണികൾ- സംസ്ഥാനത്തിനകത്തുള്ള ദേശീയപാതയിലെ അത്യാവശ്യഅറ്റകുറ്റപ്പണികൾ.

വിഹിതം: 5,00,00,000/- രൂപ ( നോൺ പ്ലാൻ)

12. സംസ്ഥാനത്തിനകത്തുള്ള ദേശീയപാതകളിലെ അത്യാവശ്യ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി ചെയ്തുതീർക്കുന്നതിനായി ഈ ശീർഷകത്തിൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-01-800-99 - റോഡുകളും പാലങ്ങളും- നാഷണൽ ഹൈവേകൾ - മറ്റു ചെലവുകൾ - മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന നാഷണൽ ഹൈവേയുടെ സംരക്ഷണം

വിഹിതം: 25,00,000 രൂപ(നോൺ പ്ലാൻ)

13. പ്രസ്തുത ശീർഷകത്തിൽ നിന്നും നിലവിൽ 10 ലക്ഷം രൂപയുടെ ബിൽ തുകകൊടുക്കാനുണ്ടെന്നും ധാരാളം അപകടങ്ങൾ മുനിസിപ്പൽ അതിർത്തിക്കുള്ളിൽ വരുന്ന ഹൈവേകളിൽ ഉണ്ടാകുന്നതിനാൽ കൂടുതൽ പണികൾ ഈ ഭാഗത്ത് ആവശ്യമായി വരുന്നുവെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-103-98 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ സംരക്ഷണവും അറ്റകുറ്റപണികളും- സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യകമ്മീഷൻ ശിപാർശ).

വിഹിതം: 1000/- രൂപ ( നോൺ പ്ലാൻ)

14. 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടുന്നതിനും പൂർത്തിയായ പ്രവർത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിനു വേണ്ടിയും ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-103-97 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ സംരക്ഷണവും അറ്റകുറ്റപ്പണികളും - സംസ്ഥാന ഹൈവേകളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും (14 -ാം ധനകാര്യ കമ്മീഷൻ ശിപാർശ)

15. പതിനാലാം ധനകാര്യ കമ്മീഷൻ റോഡുകളുടെയും പാലങ്ങളുടേയും സംരക്ഷണത്തിനായി തുകയൊന്നും വകയിരുത്തിയിട്ടില്ല. കേന്ദ്ര സർക്കാർ ഡിവിസിബിൾ പൂൾ 32 ശതമാനമായിരുന്നത് 42 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ടെങ്കിലും ആനുപാതികമായ തുക ലഭിച്ചിട്ടില്ലാത്തതിനാൽ മേൽ വിഷയം പുനഃപരിശോധിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-99 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ -റോഡുപണികൾ - സാധാരണ അറ്റകുറ്റ പണികൾ.

വിഹിതം : 148,50,00,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)
50,00,000 രൂപ ചാർജ്ജ് ചെയ്തത് (നോൺ പ്ലാൻ)

16. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ

അനുവദിച്ചിട്ടുള്ള തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും ബില്ലിന്റെ റിവ നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 100 കോടിരൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-98 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ഗതാഗത സൗകര്യങ്ങളുടെ പുതുക്കലുകൾ.

വിഹിതം: 130,68,00,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)
8,00,000 രൂപ ചാർജ്ജ് ചെയ്തത് (നോൺ പ്ലാൻ)

17. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ ഉപരിതലം പുതുക്കുന്നതിന് ആവശ്യമായ തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനും 20% റോഡുകളുടെ ഉപരിതലം പുതുക്കൽ ജോലികൾ ഏറ്റെടുക്കാനുമായി ഇപ്പോൾ അനുവദിച്ച തുക പര്യാപ്തമല്ലാത്തതിനാൽ ഈ ശീർഷകത്തിൽ 100 കോടി രൂപ അധികമായി ധനപുനഃവിനിയോഗം ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-97 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ഗതാഗത സൗകര്യങ്ങളുടെ പ്രത്യേക അറ്റകുറ്റപ്പണികൾ.

വിഹിതം: 50,00,00,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)
5,00,000 രൂപ ചാർജ്ജ് ചെയ്തത് (നോൺ പ്ലാൻ)

18. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളുടെ പ്രത്യേക അറ്റകുറ്റ പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുവാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഇപ്പോൾ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-96 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - വെള്ളപ്പൊക്ക കെടുതികളുടെ അറ്റകുറ്റപ്പണികൾ.

വിഹിതം: 30,00,00,000 രൂപ (നോൺ പ്ലാൻ)

19. പൊതുമരാമത്ത് വകുപ്പിനു കീഴിലുള്ള റോഡുകളിലെ വെള്ളപ്പൊക്ക കെടുതികളുമായി ബന്ധപ്പെട്ട അറ്റകുറ്റപ്പണികൾക്കായി തുക വകയിരുത്തുന്ന

പ്രസ്തുത ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 70 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-95 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ.

വിഹിതം: 4,00,00,000 രൂപ (നോൺ പ്ലാൻ)

20. വിശിഷ്ടാതിഥികളുടെ സന്ദർശനം, റിപ്പബ്ലിക്ക്/സ്വാതന്ത്ര്യ ദിനാചരണം എന്നിവ സംബന്ധിച്ച പണികൾ എന്നിവയ്ക്കായി തുക വകയിരുത്തുന്ന പ്രസ്തുത ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 3 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-94 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - നഗരത്തിനുള്ളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്ക്.

വിഹിതം: 4,71,90,000 രൂപ (നോൺ പ്ലാൻ)

21. തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്, കൊല്ലം എന്നീ നഗരങ്ങളിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കുവേണ്ടി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകുന്നതിനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 20 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-03-337-93 - റോഡുകളും പാലങ്ങളും - സംസ്ഥാന ഹൈവേകൾ - റോഡുപണികൾ - ശബരിമല വർക്കുകൾ.

വിഹിതം : 20,00,00,000 രൂപ (നോൺ പ്ലാൻ)

22. ശബരിമലയിലേക്കുള്ള റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും ഈ വർഷത്തെ പണി ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 150 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-04-105-98 - റോഡുകളും പാലങ്ങളും - ജില്ലാതല റോഡുകളും മറ്റു റോഡുകളും - സംരക്ഷണവും അറ്റകുറ്റപ്പണികളും - സംരക്ഷണവും അറ്റകുറ്റപ്പണികളും (13-ാം ധനകാര്യ കമ്മീഷൻ ശിപാർശ)

വിഹിതം: 1000 രൂപ ( നോൺപ്ലാൻ).

23. പ്രധാന ജില്ലാതല റോഡുകളുടെ അറ്റകുറ്റ പണികൾക്കു വേണ്ടി 13-ാം ധനകാര്യ കമ്മീഷൻ അനുവദിച്ച ഗ്രാന്റ് ചെലവിടുവാനുള്ള പ്രസ്തുത ശീർഷകത്തിൽ പൂർത്തിയായ പ്രവൃത്തികൾക്ക് ബില്ലുകൾ മാറി നൽകുന്നതിന് വേണ്ടി 20 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി വകയിരുത്തണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-99 - റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - നടത്തിപ്പ്.

വിഹിതം: 13,36,23,000 രൂപ (നോൺ പ്ലാൻ)

24. റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിലെ ജീവനക്കാരുടെയും, കെഎസ്ടിപി ഓഫീസിലെ ജീവനക്കാരുടെയും ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. പ്രസ്തുത ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികൾക്കുമായി 1 ലക്ഷം രൂപയും, പി.ഒ.എൽ ഇനത്തിൽ 2 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-98 - റോഡുകളും പാലങ്ങളും - ജനറൽ - ഭരണവും നടത്തിപ്പും - മേൽനോട്ടം.

വിഹിതം: 11,03,03,000 രൂപ (നോൺ പ്ലാൻ)

25. റോഡുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയറുടെ കീഴിലുള്ള സർക്കിൾ ഓഫീസുകളിലെ ശമ്പളവും അലവൻസുകളും മറ്റ് ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്നതിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റ പണികൾക്കുമായി 1 ലക്ഷം രൂപയും, പിഒഎൽ ഇനത്തിൽ 2 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-001-97 - റോഡുകളും പാലങ്ങളും -ജനറൽ - ഭരണവും നടത്തിപ്പും - നിർവ്വഹണം

വിഹിതം: 168,29,19,000 രൂപ (നോൺ പ്ലാൻ)

26. റോഡുകളും പാലങ്ങളും ചീഫ് എഞ്ചിനീയറുടെയും സൂപ്രണ്ടിംഗ് എഞ്ചിനീയർമാരുടെ കീഴിലുള്ള 16 ഡിവിഷണൽ എക്സിക്യൂട്ടീവ് എഞ്ചിനീയർ

മാരുടെയും തിരുവനന്തപുരത്തും കോഴിക്കോട്ടുമുള്ള 2 മെക്കാനിക്കൽ ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും 6 ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെയും ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും നിർവ്വഹിക്കുന്നത് ഈ ശീർഷകത്തിൽ നിന്നാണ്. കൂടാതെ കെഎസ്റ്റിപി ഡിവിഷൻ ഓഫീസുകളിലെ ജീവനക്കാരുടെ ശമ്പളവും അലവൻസുകളും ഈ ശീർഷകത്തിലാണ് വഹിക്കുന്നത്. ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 4 ലക്ഷം രൂപയും, വൈദ്യുതി ചെലവിന് 5 ലക്ഷം രൂപയും, ടെലിഫോൺ ചെലവിന് 2 ലക്ഷം രൂപയും, മോട്ടോർ വാഹനങ്ങൾ സംരക്ഷണവും അറ്റകുറ്റ പണികൾക്ക് 5 ലക്ഷം രൂപയും, പിഒഎൽ ഇനത്തിൽ 10 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-99 - റോഡുകളും പാലങ്ങളും - ജനറൽ - ഗവേഷണവും പരിഷ്കരണവും - കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

വിഹിതം: 2,84,37,000 രൂപ (നോൺ പ്ലാൻ)

27. ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ കീഴിൽ ഹൈവേകളുടെ ഗവേഷണത്തിനും പരിഷ്കരണത്തിനും വേണ്ടിയുള്ള കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ജീവനക്കാരുടെ ശമ്പളവും ഓഫീസ് ചെലവുകളും നിർവ്വഹിക്കുന്ന ഈ ശീർഷകത്തിൽ ഓഫീസ് ചെലവിനത്തിൽ വെള്ളക്കരത്തിന് 1 ലക്ഷം രൂപയും, വൈദ്യുതി ചെലവിന് 4 ലക്ഷം രൂപയും, ടെലഫോൺ ചെലവിന് 1 ലക്ഷം രൂപയും, പി.ഒ.എൽ. ഇനത്തിന് 2 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-004-98 - റോഡുകളും പാലങ്ങളും - ജനറൽ -ഗവേഷണവും പരിഷ്കരണവും - പബ്ലിക്ക് വർക്ക് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആൻഡ് റിസർച്ച് ബോർഡ്.

വിഹിതം: 4,73,87,000 രൂപ (നോൺ പ്ലാൻ)

28. ചീഫ് എഞ്ചിനീയർ ഡ്രിക് ബോർഡിന്റെ ഓഫീസിലെ ജീവനക്കാരുടെ ശമ്പളവും അലവൻസും നിർവഹിക്കുന്ന ഈ ശീർഷകത്തിൽ മോട്ടോർ വാഹനങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികൾക്ക് 1 ലക്ഷം രൂപയും, പി ഒ എൽ ഇനത്തിൽ 1 ലക്ഷം രൂപയും, ഓഫീസ് ചെലവിന് 1 ലക്ഷം രൂപയും അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-107-97 - റോഡുകളും പാലങ്ങളും - ജനറൽ -റെയിൽവേ സുരക്ഷിതത്വപണികൾ -കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തൽ.

വിഹിതം: 2,00,00,000 രൂപ (പ്ലാൻ)

29. കാവൽക്കാർ ഇല്ലാത്ത ലെവൽ ക്രോസിംഗുകളിൽ കാവൽ സംവിധാനം ഏർപ്പെടുത്തുന്നതിന് നൽകേണ്ട കടിശ്ശിക തുക ഏകദേശം 5 കോടി രൂപയാണ്. ദക്ഷിണ റെയിൽവേയ്ക്ക് നൽകുവാനുള്ള കടിശ്ശിക കൂടി കണക്കിലെടുത്ത് നടപ്പുവർഷം വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതിക്ക് ബോദ്ധ്യപ്പെട്ടതിനാൽ 5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3054-80-800-95 - റോഡുകളും പാലങ്ങളും - ജനറൽ -മറ്റ് ചെലവുകൾ- റോഡ് സുരക്ഷിതത്വ പണികൾ.

വിഹിതം: 3,52,00,000 രൂപ (പ്ലാൻ)

30. റോഡ് സുരക്ഷിതത്വത്തിന്റെ ഭാഗമായി നടപ്പാതകൾ, ട്രാഫിക് ഐലന്റുകൾ, പാർശ്വ ചാലുകൾ തുടങ്ങിയവ നിർമ്മിക്കുന്നതിന് തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ഈ ശീർഷകത്തിൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പൊതു ശിപാർശ

31. പാതയോരങ്ങളിൽ അനധികൃതമായി ദീർഘസമയം വാഹനങ്ങൾ പാർക്ക് ചെയ്യുന്നതും കല്ല്, മണൽ, തടി എന്നിവ നിക്ഷേപിക്കുന്നതും വാഹന ഗതാഗതത്തിനും കാൽനടയാത്രയ്ക്കും തടസ്സം സൃഷ്ടിക്കുകയും അപകടങ്ങൾക്ക് കാരണമാവുകയും ചെയ്യുന്നതിൽ സമിതി ആശങ്ക രേഖപ്പെടുത്തുന്നു. ഇതിനെതിരെ ആവശ്യമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും പാതയോരങ്ങളിൽ നിന്നും ഇവ നീക്കം ചെയ്യുന്നതിനും റോഡ് ഫണ്ട് ബോർഡിൽ നിന്നും തുക ഈടാക്കണമെന്നും പുതിയ റോഡുകളിൽ ആവശ്യമായ ബസ്‌ബേകൾ നിർമ്മിക്കണമെന്നും റോഡ് സുരക്ഷയെ സംബന്ധിച്ച് പൊതുമരാമത്ത്, ഗതാഗതം, പോലീസ് എന്നീ വകുപ്പുകളുമായി ചർച്ച ചെയ്ത് സമഗ്രമായ ഒരു റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

3054-80-800-94 (03) - റോഡുകളും പാലങ്ങളും - ജനറൽ - മറ്റ് ചെലവുകൾ- വാഹന ഗതാഗതത്തിനായി സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനും സംരക്ഷിക്കുന്നതിനും

വിഹിതം: 1,76,00,000 രൂപ (നോൺ പ്ലാൻ)

32. വാഹന ഗതാഗതത്തിനായി സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനും അവ സംരക്ഷിക്കുന്നതിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതു ശിപാർശ

33. മുൻഗണനാക്രമത്തിൽ ജില്ലകളെ നിശ്ചയിച്ച് സൈൻബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും സൈൻബോർഡുകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് പൊതുമരാമത്ത്, ഗതാഗതം, പോലീസ് എന്നീ വകുപ്പുകൾ സംയുക്തമായി ചർച്ച ചെയ്ത് സമഗ്രമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059 - പൊതുമരാമത്ത് മൂലധനചെലവ്

4059-01-051-99 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - സംസ്ഥാന നിയമസഭ.

വിഹിതം : 35,50,000 രൂപ (പ്ലാൻ)

34. കേരള നിയമസഭയുടെ നവീകരണ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമായതിനാൽ 15 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059 -01-051-97 - പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഇലക്ഷൻ

വിഹിതം : 1,53,53,000 രൂപ ( പ്ലാൻ)

35. ഇലക്ഷൻ കമ്മീഷന്റെ ആസ്ഥാന മന്ദിര നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-96-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ഭൂനികുതി - വൻകിട മരാമത്തു പണികൾ.

വിഹിതം : 58,98,000 രൂപ (പ്ലാൻ)

36. ഭൂനികുതിവകുപ്പിലെ പണികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ ഈശീർഷകത്തിൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-95 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ നിർമ്മാണം - മുദ്രപത്രങ്ങൾ, രജിസ്ട്രേഷൻ

വിഹിതം : 2,95,97,000 രൂപ (പ്ലാൻ)

37. ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 1.5 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-93-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - വിൽപ്പന നികുതി - വൻകിട മരാമത്തു പണികൾ.

വിഹിതം: 13,97,000 രൂപ (പ്ലാൻ)

38. കണ്ണൂർ, മഞ്ചേശ്വരം, കോട്ടയം എന്നിവിടങ്ങളിൽ വാണിജ്യനികുതി വകുപ്പിന്റെ പുതിയ കെട്ടിടങ്ങളുടെ പണി ഏറ്റെടുക്കാനുള്ളതിനാൽ ഈ ശീർഷകത്തിൽ 1.50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-92-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പബ്ലിക് സർവ്വീസ് കമ്മീഷൻ - വൻകിട മരാമത്തു പണികൾ.

വിഹിതം: 76,76,000 രൂപ (പ്ലാൻ)

39. 'പബ്ലിക് സർവ്വീസ് കമ്മീഷന്റെ വിവിധ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക പര്യാപ്തമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. കോട്ടയം, തിരുവനന്തപുരം എന്നിവിടങ്ങളിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്ന പണികൾ ഏറ്റെടുക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 3.2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-91-16 - പൊതുമരാമത്ത് മൂലധനചെലവ് -ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം--സെക്രട്ടേറിയറ്റ് ജനറൽ സർവ്വീസ് - വൻകിട മരാമത്തുപണികൾ.

വിഹിതം: 9,55,02,000 രൂപ (പ്ലാൻ)

40. സെക്രട്ടേറിയറ്റിലെ പുതിയ അനക്സ് കെട്ടിടത്തിന്റെ ജോലികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നതിനാൽ ഈ ശീർഷകത്തിൽ വകയിരുത്തിയിരിക്കുന്ന തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 15 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-89-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - പോലീസ് - വൻകിട മരാമത്തു പണികൾ.

വിഹിതം: 1000 രൂപ (പ്ലാൻ)

41. ജില്ലാ പോലീസ് ഓഫീസുകളുടെയും മറ്റും പണികൾ ഉൾപ്പെടുന്ന ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 25 ലക്ഷം രൂപ മതിപ്പുചെലവിൽ തലയോലപ്പറമ്പ് സ്റ്റേഷന്റെ പണിക്ക് ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല ഓഫീസുകളുടെയും പണി ചെയ്യാനുള്ളതിനാലും ഈ

ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-88-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - ജയിൽ - വൻകിടമരാമത്തുപണികൾ.

വിഹിതം: 5,42,000 രൂപ (പ്ലാൻ)

42. ജയിൽ ഡി.ജി.പി., ഐ.ജി., ഡി.ഐ.ജി. ഓഫീസുകളുടെ നിർമ്മാണത്തിനുള്ള തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം അനുവദിച്ച 5.42 ലക്ഷം രൂപ അപര്യാപ്തമായതിനാൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-86-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - പൊതുമരാമത്ത് പണികൾ (സിവിൽ ജോലികൾ) - വൻകിട മരാമത്ത് പണികൾ.

വിഹിതം: 26,45,24,000 രൂപ (പ്ലാൻ)

43. സിവിൽ സ്റ്റേഷൻ, മിനി സിവിൽ സ്റ്റേഷൻ തുടങ്ങിയ മേജർ പണികൾക്കുള്ള അടങ്കലാണിത്. 55 പണികൾക്കായി 160.60 കോടി രൂപയുള്ള ഭരണാനുമതി ലഭിച്ചിട്ടുള്ളതിനാലും പല പണികളും പുരോഗതിയിലായതിനാലും ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. കരാറുകാരുടെ കടിശ്ശിക ബില്ലുകൾ നൽകുവാനും പണികൾ പൂർത്തീകരിക്കാനും ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-85-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ- നിർമ്മാണം - അഗ്നി പ്രതിരോധവും നിയന്ത്രണവും - വൻകിട മരാമത്തു പണികൾ.

വിഹിതം: 1000 രൂപ (പ്ലാൻ)

44. വിവിധ ഫയർ സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനം ഏറ്റെടുത്ത് നടത്തുന്നതിന് ഈ ശീർഷകത്തിൽ 20 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-83 - പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - രാജ്ഭവൻ

വിഹിതം : 1000 രൂപ ( പ്ലാൻ)

45. രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി റിവൈസ്ഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഈ പുതിയ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷം

വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുനർവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-75-16 - പൊതുമരാമത്ത് മൂലധന ചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - വാണിജ്യ നികുതി വകുപ്പ് - വൻകിട മരാമത്തുപണികൾ

വിഹിതം : 3,84,000 രൂപ ( പ്ലാൻ)
: 5,00,00,000 രൂപ ( നോൺ പ്ലാൻ)

46. വാണിജ്യ നികുതി വകുപ്പിന്റെ പണികൾക്കായി ഉൾപ്പെടുത്തിയ ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ അനുവദിച്ച തുക പര്യാപ്തമാണ്. എന്നാൽ പ്ലാൻ ഇനത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-01-051-71-16 - പൊതുമരാമത്ത് മൂലധനചെലവ് - ഓഫീസ് കെട്ടിടങ്ങൾ - നിർമ്മാണം - മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജിന്റെ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത് പണികൾ (കെട്ടിടങ്ങൾ) - വൻകിട മരാമത്തുപണികൾ

വിഹിതം : 5,00,00,000 രൂപ ( നോൺ പ്ലാൻ)

47. മാന്ദ്യ വിരുദ്ധ പാക്കേജിലെ പണികൾ വളരെ പുരോഗതിയിലാണെന്നും ഇതിൽ എല്ലാ വകുപ്പുകളിലേയും കെട്ടിട നിർമ്മാണങ്ങൾ ഉൾപ്പെടുന്നുവെന്നും മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 45 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശചെയ്യുന്നു.

4059-60-051-88-16 - പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - ജയിൽ - വൻകിട മരാമത്തുപണികൾ.

വിഹിതം: ഇല്ല.

48. ഈ ശീർഷകത്തിൽ നടപ്പ് സാമ്പത്തിക വർഷത്തിൽ തുക ഒന്നും തന്നെ വകയിരുത്തിയിട്ടില്ല. ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകുവാനുമായി ഈ ശീർഷകത്തിൽ 40 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-86-16- പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ- നിർമ്മാണം - പൊതുമരാമത്ത് പണികൾ (സിവിൽ പണികൾ) - വൻകിട മരാമത്തുപണികൾ.

വിഹിതം: ഇല്ല.

49. സംസ്ഥാനത്ത് വിവിധ റസ്റ്റ് ഹൗസുകളുടേയും മറ്റുകെട്ടിടങ്ങളുടേയും പണികൾക്ക് നടപ്പ് സാമ്പത്തിക വർഷം തുകയൊന്നും വകകൊള്ളിച്ചിട്ടില്ലാത്തതിനാൽ നടന്നു കൊണ്ടിരിക്കുന്ന പണികൾക്കും ഭരണാനുമതി ലഭിച്ച പുതിയ പണികൾ ഏറ്റെടുക്കുവാനും കുടിശ്ശിക ബില്ലുകൾ നൽകാനുമായി 10 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-83 - പൊതുമരാമത്ത് മൂലധനചെലവ് - മറ്റു കെട്ടിടങ്ങൾ - നിർമ്മാണം - രാജ് ഭവൻ.

വിഹിതം : 1000 രൂപ ( പ്ലാൻ)

50. രാജ്ഭവൻ കെട്ടിടങ്ങളുടെ നിർമ്മാണത്തിനായി റിവൈസ്ഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ ഈ പുതിയ ശീർഷകത്തിൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-77-16- പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - നിയമസഭാ ഹോസ്റ്റൽ കോമ്പൗണ്ടിൽ നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ളാറ്റ് നിർമ്മാണം-വൻകിട മരാമത്തു പണികൾ ( കെട്ടിടങ്ങൾ)

വിഹിതം: 82,000 രൂപ (പ്ലാൻ)

51. നിയമസഭാ സാമാജികർക്ക് വേണ്ടിയുള്ള ഫ്ലാറ്റ് നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കേണ്ടതിനാലും വകയിരുത്തിയിട്ടുള്ള തുക അപര്യാപ്തമായതിനാലും ഈ ശീർഷകത്തിൽ 10 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-60-051-69 - പൊതുമരാമത്ത് മൂലധനചെലവ് - മറ്റ് കെട്ടിടങ്ങൾ - നിർമ്മാണം - ജുഡീഷ്യറിയുടെ അടിസ്ഥാന സൗകര്യവികസനം (കോടതി കെട്ടിടങ്ങൾ, ജഡ്ജിമാരുടെ വാസസ്ഥലങ്ങൾ എന്നിവയുടെ നിർമ്മാണം - 60 % കേന്ദ്ര വിഹിതം)

വിഹിതം : 16,32,00,000 രൂപ ( പ്ലാൻ)

52. 60% കേന്ദ്ര സഹായം ഉള്ള ഈ പുതിയ ശീർഷകത്തിൽ വകയിരുത്തിയ തുക കോടതി കെട്ടിടങ്ങളുടെ പണികൾക്കു അപര്യാപ്തമായതിനാൽ 30 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-80-051-79 - പൊതുമരാമത്ത് മൂലധനചെലവ് - ജനറൽ - നിർമ്മാണം - ജെൻഡർ ബഡ്ജറ്റിംഗിന് തുടക്കം.

വിഹിതം: 2,47,12,000 രൂപ (പ്ലാൻ)

53. ഭരണാനുമതി കിട്ടിയ പണികൾ ചെയ്തു തീർക്കുന്നതിന് അനുവദിച്ച തുക അപര്യാപ്തമായതിനാൽ ഈ ശീർഷകത്തിൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

4059-80-051-78 - പൊതുമരാമത്ത് മൂലധനചെലവ് - ജനറൽ - നിർമ്മാണം -സൈനിക സ്കൂൾ.

വിഹിതം : 1,50,00,000 രൂപ (നോൺപ്ലാൻ)

54. ഭരണാനുമതി കിട്ടിയ പണികൾ തുടങ്ങുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054 -റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്

5054-01-337-99 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ്- നാഷണൽ ഹൈവേകൾ - റോഡു പണികൾ-നാഷണൽ ഹൈവേ കടന്നു പോകുന്ന വഴിയിലുള്ള തെരഞ്ഞെടുത്ത പട്ടണങ്ങളിൽ ബൈപ്പാസുകൾ നിർമ്മിക്കുന്നതിന്.

വിഹിതം: 3,29,49,000 രൂപ (പ്ലാൻ)

55. നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടേയും സേവന റോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പുസാമ്പത്തിക വർഷത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. കുറ്റിപ്പുറം - പുതുപൊന്നാനി റോഡ് താഴെ ചൊവ്വാഭാഗത്തെ വീതികൂട്ടൽ തുടങ്ങിയവയുടെ പണികൾ പൂർത്തീകരിച്ചെങ്കിലും ബില്ലുകൾ സമർപ്പിക്കുന്ന മുറയ്ക്ക് അധിക തുക അനിവാര്യമായതിനാൽ 30 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

പൊതു ശിപാർശ

56. റോഡ് കരാർ പണിക്ക് 3 വർഷത്തെ കാലാവധി നിലവിലിരിക്കെ, 80 കോടി രൂപ മുടക്കി നാഷണൽ ഹൈവേ അതോറിറ്റി നിർമ്മിച്ച ആലപ്പുഴ ദേശീയപാതയിലെ 80 കി.മീ. റോഡ് കരാർ കാലാവധി തീരുംമുമ്പേ തകർന്നുപോയതായി സമിതി മനസ്സിലാക്കുന്നു. ഇതു സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് നാഷണൽ ഹൈവേ അതോറിറ്റി ഓഫ് ഇന്ത്യയിൽ നിന്നും ലഭ്യമാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

5054-01-337-98-16- റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - നാഷണൽ ഹൈവേകൾ - റോഡു പണികൾ - ദേശീയപാതയെ നഗരങ്ങളുമായി ബന്ധിക്കുന്ന ഭാഗത്തിന്റെ വികസനം-വൻകിടമരാമത്തു പണികൾ.

വിഹിതം: 5,76,61,000 രൂപ (പ്ലാൻ)

57. നാഷണൽ ഹൈവേ അർബൻ ലിങ്കിലെ റോഡുകളുടെ പരിഷ്കരണത്തിനും ഉപപാതകളുടെയും സേവന റോഡുകളുടേയും നിർമ്മാണത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന പ്രദേശങ്ങളിൽ അപകടങ്ങൾ കൂടുതൽ ഉണ്ടാകുന്നതിനാൽ കൂടുതൽ വികസന പ്രവർത്തനങ്ങൾ അനിവാര്യമായതിനാലും കരമന - കളിയിക്കാവിള ദേശീയ പാതയുടെ ഒന്നാം ഘട്ടം കരമന - പ്രാവച്ചമ്പലം റോഡ് വികസനത്തിന് 74 കോടി രൂപയുടെ ഭരണാനുമതി ലഭിച്ച് അതിന്റെ പ്രവൃത്തി പൂർത്തീകരിച്ചെങ്കിലും, പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം ഏകദേശം 35 കോടി രൂപ നൽകേണ്ടതിനാലും ഈ ശീർഷകത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-01-337-95 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - നാഷണൽ ഹൈവേകൾ - റോഡു പണികൾ - കൊല്ലം - ആലപ്പുഴ - ദേശീയപാത ബൈപ്പാസ് (കേന്ദ്ര സർക്കാരുമായി ചെലവ് പങ്കിടൽ)

വിഹിതം: 82,000 രൂപ (പ്ലാൻ)

58. കൊല്ലം, ആലപ്പുഴ ദേശീയപാത ബൈപ്പാസ് പ്രവൃത്തി പുരോഗമിക്കുന്നുവെന്നും സംസ്ഥാന വിഹിതം നൽകേണ്ടതുണ്ടെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 250 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-01-800-99 – റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്- നാഷണൽ ഹൈവേകൾ - മറ്റ് ചെലവുകൾ - ദേശീയ പാതയിലെ ബന്ധിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ നടപടികൾ.

വിഹിതം : 14,82,70,000 രൂപ ( പ്ലാൻ)

59. ദേശീയപാതയെ ബന്ധിപ്പിക്കുന്ന ഭാഗത്തെ ട്രാഫിക് സുരക്ഷിതത്വ പണികൾ കൂടുതലായി ചെയ്യേണ്ടതിനാൽ ഈ ശീർഷകത്തിൽ 25 കോടി രൂപ അധികമായി ധനഃപുനവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-01-800-97 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - നാഷണൽഹൈവേകൾ - മറ്റ് ചെലവുകൾ - ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിഹിതം

വിഹിതം: 6,58,37,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)
10,00,00,000 രൂപ ചാർജ്ജ് ചെയ്തത് (നോൺ പ്ലാൻ)

60. വിവിധ സ്ഥലങ്ങളിലെ റോഡുപണികൾക്കായി സ്ഥലം ഏറ്റെടുത്ത വകയിൽ (എൽ.എ.ആർ. കേസ്സ്) തുക നൽകുന്നതിലേയ്ക്കായി 20 കോടി രൂപയും കഴക്കൂട്ടം മുതൽ കേശവദാസപുരം വരെയുള്ള റോഡ് വികസനത്തിന് 389 കോടി രൂപയും 2 മേൽപാലങ്ങളുടെ സ്ഥലം ഏറ്റെടുക്കുന്നതിലേയ്ക്കായി 115 കോടി രൂപയും ആവശ്യമായതിനാൽ 504 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03-101-99-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാന പാതകൾ - പാലങ്ങൾ-പാലങ്ങളും കലുങ്കുകളും-വൻകിടമരാമത്തു പണികൾ.

വിഹിതം: 6,58,98,000 രൂപ (പ്ലാൻ)

61. സംസ്ഥാന പാതകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കുള്ള ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനും ഏറ്റെടുക്കുന്നതിനുമായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03– 101-98-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനച്ചെലവ് - സംസ്ഥാന പാതകൾ -പാലങ്ങൾ - നിയമസഭാമണ്ഡല ആസ്തി വികസനപദ്ധതികൾ - വൻകിട മരാമത്തു പണികൾ .

വിഹിതം: 27,00,00,000 രൂപ (നോൺ പ്ലാൻ)

62. നിയമസഭാ മണ്ഡല ആസ്തി വികസന പദ്ധതികൾക്കായി വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. പുതിയ ജോലികൾ ഏറ്റെടുക്കുന്നതിനായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03-337-98-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാന പാതകൾ -റോഡുപണികൾ - വികസനവും പരിഷ്കരണവും - വൻകിട മരാമത്തു പണികൾ.

വിഹിതം: 20,59,31,000 രൂപ (പ്ലാൻ)

63. സംസ്ഥാന പാതകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം മുതലായ ജോലികൾക്കു തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമാണ്. നിലവിലുള്ള സംസ്ഥാന പാതയിലെ സ്ഥിതി കണക്കാക്കി പുതിയ പണികൾ തുടങ്ങുന്നതിനായി 100 കോടി രൂപ ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-03-337-95 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധനചെലവ് - സംസ്ഥാനപാതകൾ - റോഡുപണികൾ - ഹൈവേകളുടെ റോളിംഗ് ഹെവി മെയിന്റനൻസ്.

വിഹിതം: 2,47,12,000 രൂപ (പ്ലാൻ)

64. സംസ്ഥാന പാതകളുടെയും പ്രധാന ജില്ലാ റോഡുകളുടേയും ഉപരിതല പുനരുദ്ധാരണത്തിന് അധികതുക വേണ്ടി വരുമെന്നതിനാൽ ഇപ്പോൾ വകയിരുത്തിയ തുക അപര്യാപ്തമാണ്. ആയതിനാൽ ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-99-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ -പ്രധാന ജില്ലാതല റോഡുകൾ പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്തു പണികൾ

വിഹിതം: 12,35,58,000 രൂപ (പ്ലാൻ)

65. പ്രധാന ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2015-16 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2016-17 വർഷം പുതിയ ഭരണാനുമതി നൽകുന്നതിനുമായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധനപുനഃ വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-98-16 -റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - -ജില്ലാതല റോഡുകളും മറ്റ റോഡുകളും - പാലംപണികൾ - മറ്റ ജില്ലാതല റോഡുകൾ, പാലങ്ങളും കലുങ്കുകളും - വൻകിട മരാമത്ത് പണികൾ.

വിഹിതം : ഇല്ല.

66. മറ്റ ജില്ലാതല റോഡുകളിൽ വരുന്ന പാലങ്ങളുടെയും കലുങ്കുകളുടെയും നിർമ്മാണം, പരിഷ്കരണം തുടങ്ങിയ പണികൾക്കായി ഈ ശീർഷകത്തിൽ നടപ്പ് വർഷം തുക വകയിരുത്തിയിട്ടില്ലായെന്ന് സമിതി മനസ്സിലാക്കുന്നു. ബില്ലുകൾ കൊടുത്തുതീർക്കാനുള്ളതിനാൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-96-16 -റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -ജില്ലാതല റോഡുകളും മറ്റ റോഡുകളും - പാലം പണികൾ - പാലങ്ങളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ - വൻകിട മരാമത്ത പണികൾ.

വിഹിതം : 114,16,80,000 രൂപ (പ്ലാൻ)

67. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 125 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

5054-04-101-95 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റ് റോഡുകളും പാലം പണികൾ - നിലവിലുള്ള പൂർത്തിയാകാത്ത പണികളുടെ പൂർത്തീകരണം - പാലങ്ങൾ

വിഹിതം : 1000 രൂപ ( നോൺ പ്ലാൻ)

68. വിവിധ കാരണങ്ങളാൽ പൂർത്തീകരണം മുടങ്ങിക്കിടക്കുന്ന പാലങ്ങളുടെ പണി പൂർത്തീകരണത്തിനുവേണ്ടിയുള്ള ഈ ശീർഷകത്തിൽ 50 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-94 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റുറോഡുകളും പാലം പണികൾ - ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം ( പാലം)

വിഹിതം : 1000 രൂപ ( നോൺ പ്ലാൻ)

69. പാലങ്ങൾക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് നഷ്ടപരിഹാരം നൽകുന്നതിനായി ഈ ശീർഷകത്തിൽ 100 കോടി രൂപ ധന പുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-101-86 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാലം പണികൾ - മാന്ദ്യ-വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത് പണികൾ (പാലങ്ങൾ)

വിഹിതം : 1,000/- രൂപ (നോൺ പ്ലാൻ)

70. കടിശ്ശിക ബില്ലുകൾ കൊടുത്ത് തീർക്കുവാനും നടന്നു കൊണ്ടിരിക്കുന്ന പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുമായി ഈ ശീർഷകത്തിൽ 6 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-99-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - പ്രധാന ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും - വൻകിട മരാമത്ത് പണികൾ.

വിഹിതം : 61,77,92,000/- രൂപ (പ്ലാൻ)

71. പ്രധാന ജില്ലാതല റോഡുകളുടെ നിർമ്മാണം, വികസനം, പരിഷ്കരണം എന്നിവയ്ക്കുള്ള തുക ഈ ശീർഷകത്തിൽ ഉൾപ്പെടുന്നു. 2015-16 വർഷം പുതിയ പണികൾക്ക് ഭരണാനുമതി നൽകിയതിനാലും 2016-17 വർഷം പുതിയ ഭരണാനുമതി നൽകാനുമായി 700 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-98 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ- മറ്റു ജില്ലാതലറോഡുകൾ പുതിയ പണികൾ.

വിഹിതം : ഇല്ല

72. നടപ്പു സാമ്പത്തിക വർഷത്തിൽ ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. കരാറുകാരുടെ കടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി 1.5 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-97 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ- മറ്റു ജില്ലാതല റോഡുകൾ വികസനവും പരിഷ്കരണവും.

വിഹിതം: ഇല്ല

73. നടപ്പ് സാമ്പത്തിക വർഷത്തേക്ക് തുകയൊന്നും ഈ ശീർഷകത്തിൽ വകയിരുത്തിയിട്ടില്ല. കരാറുകാരുടെ കടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള

പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 50 ലക്ഷം രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-94-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ - റോഡുകളുടെ നിർമ്മാണവും വികസനവും നബാർഡ് സഹായത്തോടെയുള്ള പദ്ധതികൾ-വൻകിട മരാമത്തു പണികൾ.

വിഹിതം : 129,81,88,000 രൂപ (പ്ലാൻ)

74. നബാർഡിന്റെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് നിർമ്മിക്കുന്ന പാലങ്ങളുടെ നിർമ്മാണത്തിനും വികസനത്തിനുമായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 135 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-92 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ- മലയോര ഹൈവേ

വിഹിതം : 9,06,10,000 രൂപ (പ്ലാൻ)

75. മലയോര ഹൈവേയുടെ നിർമ്മാണത്തിനായി നിലവിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. 2013-14 വർഷം ആവിഷ്കരിച്ച പദ്ധതികൾ നടപ്പിലാക്കാനായി ഈ ശീർഷകത്തിൽ 50 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-91-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ നഗരങ്ങളിലെ റോഡ് പരിഷ്കരണം - വൻകിടമരാമത്തു പണികൾ.

വിഹിതം : 3,29,49,000 രൂപ (പ്ലാൻ)

76. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ പ്രധാന നഗരങ്ങളിലെ റോഡു നിർമ്മാണം, പരിഷ്കരണം എന്നീ ജോലികൾക്കായി തുക വകയിരുത്തുന്ന ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം അനുവദിച്ച തുക അപര്യാപ്തമാണ്. ഭരണാനുമതി ലഭിച്ച പണികൾക്കും പുതിയ ഭരണാനുമതി നൽകാനുമായി ഈ ശീർഷകത്തിൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-90 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - ഏഴിമല നാവിക അക്കാഡമിയിലേയ്ക്കുള്ള റോഡ്.

വിഹിതം : ഇല്ല.

77. ഏഴിമല നാവിക അക്കാഡമിയിലേയ്ക്കുള്ള റോഡിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 10 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-89-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ്- ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ- ശബരിമല റോഡ് പ്രോജക്ട്-വൻകിട മരാമത്തു പണികൾ.

വിഹിതം : 8,23,72,000 രൂപ (പ്ലാൻ)

78. ശബരിമലയുടെ സമഗ്ര റോഡ് വികസനത്തിനായി നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണ്. ഹൈക്കോടതി നിർദ്ദേശമനുസരിച്ചുള്ള മാനദണ്ഡങ്ങൾ പാലിച്ച് അനുബന്ധ റോഡു നിർമ്മാണം നടത്തുന്നതിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 150 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-83 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ - മാന്ദ്യ വിരുദ്ധ ഉത്തേജക പാക്കേജിൻ കീഴിലുള്ള പദ്ധതികൾ - പൊതുമരാമത്ത് പണികൾ (പാതകൾ).

വിഹിതം : 1,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)
1,000 രൂപ ചാർജ്ജ് ചെയ്തത് (നോൺ പ്ലാൻ)

79. പൊതുമരാമത്ത് വകുപ്പിന് കീഴിലുള്ള റോഡുകളുടെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ നോൺ പ്ലാൻ ഇനത്തിൽ 1000 രൂപ മാത്രമാണ് അനുവദിച്ചിട്ടുള്ളത്. കരാറുകാരുടെ കുടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 1 കോടി രൂപ പ്ലാൻ ഇനത്തിൽ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-82 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെപണികൾ -മാന്ദ്യവിരുദ്ധ ഉത്തേജകപാക്കേജിൻ കീഴിലുള്ള പദ്ധതികൾ- ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയുള്ള അറ്റകുറ്റപ്പണികൾ

വിഹിതം : ഇല്ല

80. ജില്ലാ ഗ്രാമീണ റോഡുകളുടെ ഒറ്റത്തവണയായുള്ള അറ്റകുറ്റപണികൾക്ക വേണ്ടി ഈ ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം തുകയൊന്നും വകയിരുത്തിയിട്ടില്ല. കരാറുകാരുടെ കടിശ്ശിക ബില്ലുകൾ നൽകാനും നിലവിലുള്ള പണികളുടെ പൂർത്തീകരണത്തിനുമായി ഈ ശീർഷകത്തിൽ 3 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-81 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് ജില്ലാതല റോഡുകളും മറ്റു റോഡുകളും - പാതകളുടെ പണികൾ - പൊന്നാനി വെങ്ങളം തീരദേശ ഹൈവേ നിർമ്മാണം.

വിഹിതം : ഇല്ല

81. പൊന്നാനി വെങ്ങളം തീരദേശ ഹൈവേ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-04-337-80 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജില്ലാതല റോഡുകളും - മറ്റു റോഡുകളും - പാതകളുടെ പണികൾ - ഭൂമി ഏറ്റെടുക്കലിനുള്ള നഷ്ടപരിഹാരം.

വിഹിതം : 75,00,00,000 രൂപ വോട്ട് ചെയ്തത് ( നോൺ പ്ലാൻ )
: 35,00,00,000 രൂപ ചാർജ്ജ് ചെയ്തത് ( നോൺ പ്ലാൻ)

82. റോഡുകളുടേയും പാലങ്ങളുടേയും ഭൂമി ഏറ്റെടുത്ത ശേഷം കോടതി വിധി പ്രകാരം നഷ്ടപരിഹാരം നൽകാൻ വേണ്ടി ഉടങ്ങിയ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 70 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-05-101-99 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് -സംസ്ഥാനാന്തരമായോ, സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ-പാലങ്ങൾ- സി.ആർ.എഫ്. പാലങ്ങൾ(സാധാരണ വിഹിതം).

വിഹിതം : 82,91,000 രൂപ (പ്ലാൻ)

83. ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 1 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-05-337-97-16 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - സംസ്ഥാനാന്തരമായോ സാമ്പത്തികമായോ പ്രാധാന്യമുള്ള റോഡുകൾ - റോഡുപണികൾ - സി.ആർ.എഫ് റോഡുകൾ (സാധാരണ വിഹിതം)- വൻകിട മരാമത്ത് പണികൾ.

വിഹിതം : 43,64,37,000 രൂപ (പ്ലാൻ)

84. കേന്ദ്ര സഹായത്തോടുകൂടിയുള്ള വൻകിട മരാമത്ത് പണികൾക്കായി പ്രസ്തുത ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-004-98 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - ഗവേഷണം - ക്വാളിറ്റി കൺട്രോൾ യൂണിറ്റ് സ്ഥാപിക്കലും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ ക്വാളിറ്റി കൺട്രോൾ യൂണിറ്റാക്കി ഉയർത്തലും.

വിഹിതം : 6,70,00,000 രൂപ ( പ്ലാൻ)

85. ഗവേഷണത്തിലും ഡിസൈനിംഗിലും സംസ്ഥാനം വളരെ പിന്നോക്കമാണെന്നും ഡിസൈനിംഗിൽ പുതിയ സാങ്കേതിക വിദ്യ നടപ്പിലാക്കേണ്ടതാണെന്നും ഗവേഷണ വിഭാഗം ശക്തിപ്പെടുത്തേണ്ടതാണെന്നും സമിതി വിലയിരുത്തി. പ്ലാസ്റ്റിക്ക്, റബ്ബറൈസ്ഡ് ബിറ്റുമിൻ, കയർ ജിയോ ടെക്സ്റ്റൈൽസ് എന്നിവ ഉപയോഗിച്ച് നൂതന സാങ്കേതിക വിദ്യ മുഖേന നിലവാരമുള്ളതും ദീർഘകാലം ഈടുനിൽക്കുന്നതും കൈവരി, ഓട, പാർക്കിംഗ് സൗകര്യം മുതലായ ആധുനിക സംവിധാനങ്ങളോടുകൂടിയതുമായ റോഡുകൾ നിർമ്മിക്കുന്നത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി ചുമതലപ്പെടുത്തിയിട്ടുള്ള പബ്ലിക്ക് വർക്ക് ഡിസൈൻ ഇൻവെസ്റ്റിഗേഷൻ ക്വാളിറ്റി കൺട്രോൾ ആന്റ് റിസർച്ച് ബോർഡിന്റെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതും നവീകരിക്കേണ്ടതുമാണെന്നും ആയതിലേക്കായി മുൻവർഷങ്ങളിൽ വകയിരുത്തിയ തുക തികച്ചും അപര്യാപ്തമാണെന്നും സമിതി അഭിപ്രായപ്പെട്ടു. ആധുനിക സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിയുള്ള റോഡ് നിർമ്മാണം സംബന്ധിച്ച് ഗവേഷണം നടത്തുന്ന ജില്ലാ/മേഖലാ ക്വാളിറ്റി കൺട്രോൾ യൂണിറ്റുകളുടെയും കേരള ഹൈവേ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ക്വാളിറ്റി കൺട്രോൾ യൂണിറ്റിന്റെയും പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഭരണ വകുപ്പുമായി കൂടിയാലോചിച്ച് ആവശ്യമായ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതു ശിപാർശ

86. റോഡ് നിർമ്മാണത്തിനായി പ്ലാസ്റ്റിക് ഉപയോഗിക്കാൻ തീരുമാനിച്ചിട്ടുള്ളതിനാൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ, സന്നദ്ധസംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ തുടങ്ങിയവ മുഖേന പ്ലാസ്റ്റിക് സംഭരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-190-97 - 66 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റുമുള്ള നിക്ഷേപം - ലിംഗ - സമത്വ - സ്ത്രീ - ശാക്തീകരണ നയ നിർവ്വഹണം - ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിനുള്ള സഹായം - ലിംഗ സമത്വ പദ്ധതി നിർവ്വഹണം.

വിഹിതം : 10,00,000 രൂപ ( നോൺ പ്ലാൻ)

87. ആശ്വാസ് പബ്ലിക് അമിനിറ്റീസ് കേരള ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി 1.19 കോടി രൂപ ധനപുനഃവിനിയോഗം /ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-82 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - പൊതുമരാമത്ത് വകുപ്പിൽ കമ്പ്യൂട്ടർവൽക്കരണം ശക്തിപ്പെടുത്തൽ

വിഹിതം : 2,00,00,000 രൂപ (പ്ലാൻ)

88. പൊതുമരാമത്ത് വകുപ്പിലെ കമ്പ്യൂട്ടർവൽക്കരണത്തിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-81 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - റെയിൽവെ സുരക്ഷിതത്വ പണികൾ.

വിഹിതം : 10,00,00,000 രൂപ (പ്ലാൻ)

89. റെയിൽവെ മേൽപ്പാലങ്ങളുടെ നിർമ്മാണം, പരിഷ്കരണം തുടങ്ങിയവയ്ക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. പുതിയ റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം ഏറ്റെടുത്ത് നടപ്പാക്കുന്നതിനായി പ്രസ്തുത ശീർഷകത്തിൽ 150 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-74 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - മേൽപ്പാലങ്ങളുടെ പൂർത്തീകരണം.

വിഹിതം : 1,00,00,000 രൂപ വോട്ട് ചെയ്തത് (നോൺ പ്ലാൻ)

1000 രൂപ ചാർജ്ജ് ചെയ്തത് ( നോൺ പ്ലാൻ)

90. റെയിൽവേ മേൽപ്പാലങ്ങളുടെ പണി പൂർത്തീകരിക്കുവാനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-73 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - പുതിയ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ.

വിഹിതം : 1,00,00,000 രൂപ (നോൺ പ്ലാൻ)

91.പുതിയ റെയിൽവേ മേൽപ്പാലങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കാനുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 100 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-71 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - കൊച്ചിയിൽ സീ പോർട്ട് - എയർ പോർട്ട് റോഡിന്റെ നിർമ്മാണം.

വിഹിതം : 12,00,00,000 രൂപ (പ്ലാൻ)

92. കൊച്ചിയിൽ സീപോർട്ട് - എയർപോർട്ട് റോഡിന്റെ നിർമ്മാണത്തിനായുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമാണെന്ന് സമിതി മനസ്സിലാക്കുന്നു. രണ്ടാം ഘട്ടം സെക്ഷൻ (എ) പാക്കേജ് II, എൻ.എ.ഡി. മുതൽ അശോകപുരം വരെ ഭൂമി ഏറ്റെടുക്കുന്നതിന് 76.4 കോടി രൂപയും നിർമ്മാണം നടക്കുന്ന എച്ച്.എം.റ്റി. മുതൽ എൻ.എ.ഡി. വരെയുള്ള നിർമ്മാണത്തിന് 38.5 കോടി രൂപയും ഒന്നാംഘട്ടത്തിലെ ഭാരതമാത കോളേജ് മുതൽ കളക്ടറേറ്റ് വരെ 4 വരിയാക്കുന്നതിന് 28.5 കോടി രൂപയും ആവശ്യമുള്ളതിനാൽ ഈ ശീർഷകത്തിൽ 131.4 കോടി രൂപ ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5054-80-800-70 - റോഡുകളും പാലങ്ങളും സംബന്ധിച്ച മൂലധന ചെലവ് - ജനറൽ - മറ്റ് ചെലവുകൾ - മുൻഗണനാ പ്രവൃത്തികൾ.

വിഹിതം : 16,00,00,000 രൂപ (നോൺ പ്ലാൻ)

93. മുൻഗണന നൽകി പുതിയതായി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന പണികൾക്ക് വേണ്ടിയുള്ള ഈ ശീർഷകത്തിൽ നിലവിൽ നടന്നുകൊണ്ടിരിക്കുന്ന പണികൾ പൂർത്തിയാക്കാനായി 2 കോടി രൂപ ധനപുനഃവിനിയോഗം / ഉപധനാഭ്യർത്ഥന വഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XL-തുറമുഖങ്ങൾ

| | | |
|---|---|---|
| വോട്ട് ചെയ്തത് | : | 174,29,94,000/- രൂപ |
| ചാർജ്ജ് ചെയ്തത് | : | ഇല്ല. |

3051-തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും

3051-02-001-99-തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-പോർട്ട് ഡയറക്ടറേറ്റ്.

വിഹിതം : 2,39,51,000 (നോൺ പ്ലാൻ)

94. തുറമുഖ ഡയറക്ടറേറ്റിലെ ജീവനക്കാരുടെ ശമ്പളം, അലവൻസ്, വേതനം, യാത്രാചെലവുകൾ, ഓഫീസ് ചെലവുകൾ, വാടക, കരം, നികുതി തുടങ്ങിയ ചെലവുകൾക്കായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായ തിനാൽ 6 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥ നയിലൂടെ അനുവദി ക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-98-തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ-ഭരണവും നടത്തിപ്പും-ഹാർബർ എഞ്ചിനിയറിംങ് ഡിപ്പാർട്ട്മെന്റ്.

വിഹിതം : 27,21 87,000 രൂപ (നോൺ പ്ലാൻ)

95. ഹാർബർ എഞ്ചിനിയറിംങ് വകുപ്പിൽ 02-വേതനം എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും 05-OE-വെള്ളക്കരം എന്ന ശീർഷകത്തിൽ 4 ലക്ഷം രൂപയും 05-OE2 കറണ്ട് ചാർജ് എന്ന ശീർഷകത്തിൽ 4.50 ലക്ഷം രൂപയും 05-OE3 ടെലിഫോൺ ചെലവ് എന്ന ശീർഷകത്തിൽ 2 ലക്ഷം രൂപയും 05-OE 4 മറ്റിനങ്ങൾ എന്ന ശീർഷകത്തിൽ 3.5 ലക്ഷം രൂപയും 06-വാടക, കരം, നികുതി എന്ന ശീർഷകത്തിൽ 11 ലക്ഷം രൂപയും 05-OE 12 സ്കോളർഷിപ്പ് & സ്റ്റൈപ്പന്റ് എന്ന ശീർഷകത്തിൽ 5 ലക്ഷം രൂപയും 21 - മോട്ടോർ വാഹനങ്ങളുടെ അറ്റകുറ്റപ്പണികളും സംരക്ഷണവും എന്ന ശീർഷകത്തിൽ 3.50 ലക്ഷം രൂപയും 34 - മറ്റ് ചെലവുകൾ എന്ന ശീർഷകത്തിൽ 1.52 ലക്ഷം രൂപയും 21(1) - മോട്ടോർ വാഹനങ്ങൾ വാങ്ങൽ എന്ന ശീർഷകത്തിൽ 10 ലക്ഷം രൂപയും ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അധികമായി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-001-93-തുറമുഖങ്ങളും ലൈറ്റ്ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ ഭരണവും നടത്തിപ്പും-മാരിടൈം വിദ്യാഭ്യാസപരിശീലന പരിപാടികളും ശേഷിവികസനവും.

വിഹിതം : ഇല്ല.

96. നീണ്ടകരയിലെ കേരള മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട് 2015-16 സാമ്പത്തികവർഷം കരാറുകാരൻ ഹാജരാക്കിയ 1,91,00,000 രൂപയുടെ ബില്ല് വെയ്സ് & മീൻസ് ക്ലിയറൻസ് ലഭിക്കാത്തതുമൂലം നൽകുവാൻ കഴിഞ്ഞില്ല. കൂടാതെ കൺസൾട്ടൻസി ചാർജ്ജിനത്തിൽ 9 ലക്ഷം രൂപയും നൽകുവാനുണ്ട്. നടപ്പ് സാമ്പത്തിക വർഷം ഈ ശീർഷകത്തിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലാത്തതിനാൽ 2 കോടി രൂപ ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി ഈ ശീർഷകത്തിൽ അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-101-99-തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - നിർമ്മാണവും അറ്റകുറ്റപ്പണികളും - പോർട്ട് ഡിപ്പാർട്ട്മെൻറ്

വിഹിതം - 2,00,000/ - രൂപ (നോൺ പ്ലാൻ)

97. തുറമുഖ വകുപ്പിനു കീഴിലുള്ള ഓഫീസ് കെട്ടിടങ്ങൾ, ഗോഡൗണുകൾ, സിഗ്നൽ സ്റ്റേഷനുകൾ, ക്വാർട്ടേഴ്സുകൾ, വർക്ക് ഷോപ്പുകൾ, സ്റ്റോറുകൾ എന്നിവയുടെ അറ്റകുറ്റപ്പണികൾക്ക വേണ്ടിയുള്ള ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 8 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

3051-02-101-98-തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും-ചെറുകിട തുറമുഖങ്ങൾ - നിർമ്മാണവും അറ്റകുറ്റപ്പണികളും - തുറമുഖ എഞ്ചിനീയറിംഗ് - ഡിപ്പാർട്ട്മെൻറ്

വിഹിതം - 20,00,000/ - രൂപ (നോൺ പ്ലാൻ)

98. തുറമുഖ എഞ്ചിനീയറിംഗ് വകുപ്പിനു കീഴിലുള്ള നിർമ്മാണവും അറ്റകുറ്റപ്പണികളുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 50 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-102-99-തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും - ചെറുകിട തുറമുഖങ്ങൾ - തുറമുഖ കാര്യാന്വേഷണം - പോർട്ടോഫീസുകളും എസ്റ്റാബ്ലിഷ് മെൻറുകളും

വിഹിതം - 8,52,99,000/- രൂപ (നോൺ പ്ലാൻ)

99. നീണ്ടകര, ആലപ്പുഴ, കോഴിക്കോട് പോർട്ടോഫീസർമാരുടെ ഓഫീസുകളിലെയും മറ്റ് സബ് ഓഫീസുകളിലെയും ജീവനക്കാരുടേയും ടഗ്ഗുകൾ, ബാർജുകൾ, ക്രെയിനുകൾ എന്നിവയിലെ ജീവനക്കാരുടേയും ശമ്പളം, അലവൻസ്, വേതനം, യാത്രാ ചെലവ്, ഓഫീസ് ചെലവ്, യന്ത്രോപകരണങ്ങളുടെ സംരക്ഷണവും അറ്റകുറ്റപ്പണികളും, മറ്റ് ചെലവുകൾ എന്നിവയ്ക്കായി 997.35 ലക്ഷം രൂപ ആവശ്യപ്പെട്ടിരുന്നുവെങ്കിലും 852.99 ലക്ഷം രൂപ മാത്രമാണ് വക കൊള്ളിച്ചിരിക്കുന്നത്. സബ് ഓഫീസുകളിലെ കാറുകളുടേയും മോട്ടോർ സൈക്കിളുകളുടേയും ഇന്ധന ചെലവിനായി 1 ലക്ഷം രൂപയും റ്റി.എ ഇനത്തിൽ 2 ലക്ഷം രൂപയും ടെലഫോൺ ചാർജ്ജ് ഇനത്തിൽ 2 ലക്ഷം രൂപയും അധികമായി ആവശ്യമുള്ളതിനാൽ 5 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3051-02-103-99 - തുറമുഖങ്ങളും ലൈറ്റ് ഹൗസുകളും- ചെറുകിട തുറമുഖങ്ങൾ- ഡ്രെഡ്ജിംഗും സർവ്വേയിങ്ങും - ഹൈഡ്രോഗ്രാഫിക് സർവ്വേ വിഭാഗം.

വിഹിതം : 6,51,64,000 രൂപ ( നോൺപ്ലാൻ)

100. ബേപ്പൂർ മറൈൻ സർവ്വേയറുടെ പഴയ ഓഫീസ് കെട്ടിടത്തിന്റെ വാടക കുടിശ്ശിക നൽകുന്നതിലേയ്ക്കായി ഈ ശീർഷകത്തിൽ 1.50 ലക്ഷം രൂപ അധികമായി ധനപുന: വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5051 - തുറമുഖങ്ങൾ, ലൈറ്റ്ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ്

5051-02-200-81- തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ്-ചെറുകിട തുറമുഖങ്ങൾ -മറ്റു ചെറുകിട തുറമുഖങ്ങൾ- തങ്കശ്ശേരി തുറമുഖ വികസനം

വിഹിതം : 15,70,00,000 രൂപ (പ്ലാൻ)

101. തുറമുഖചാനൽ ആഴം കൂട്ടുക, ചരക്ക് കൈകാര്യം ചെയ്യുന്നതിനുള്ള യന്ത്രം സ്ഥാപിക്കുക, ഡ്രെഡ്ജർ വാങ്ങുക, തുറമുഖ തൊഴിലാളികളുടെ സുരക്ഷയും ക്ഷേമവും നടപ്പിലാക്കുക, കാർഗോ വാർഫ് നിർമ്മിക്കുക, ആശ്രാമം ഉൾപ്പെടെയുള്ള സ്വന്തത്ത് കെട്ടിടങ്ങൾ നിർമ്മിക്കുക, തുറമുഖ വികസനത്തിനുള്ള ഭൂമി പരിപാലിക്കുക, ഐ.എസ്.പി.എസ്. കോഡ് നടപ്പിലാക്കുക, ചാനൽ മാർക്കിംഗ് ചെയ്യുക, ടഗ്ഗുകളുടെയും യന്ത്രങ്ങളുടെയും അറ്റകുറ്റപണികൾ നടത്തുക, റോഡ്/റെയിൽ ബന്ധം സ്ഥാപിക്കുക, പൈലറ്റ് പട്രോൾ ബോട്ടുകൾ വാങ്ങുക, സി.സി.എൻ. ഉൾപ്പെടെയുള്ള തുറമുഖ സുരക്ഷാ സംവിധാനങ്ങൾ ഒരുക്കുക, പി.പി.പി. മോഡൽ സിമന്റ് ടെർമിനൽ സ്ഥാപിക്കുക എന്നിവയ്ക്കായി 15.70 കോടി രൂപ നടപ്പ് സാമ്പത്തിക വർഷം വകയിരുത്തിയിട്ടുള്ള ഈ ശീർഷകത്തിൽ പാസഞ്ചർ ടെർമിനലിന്റെ നിർമ്മാണത്തിനായി 5 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5051-02-200-70 - തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനചെലവ്- ചെറുകിട തുറമുഖങ്ങൾ -മറ്റു ചെറുകിട തുറമുഖങ്ങൾ- മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണം

വിഹിതം : 5,00,00,000 രൂപ (പ്ലാൻ)

102. നീണ്ടകരയിലെ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട് നിർമ്മാണവുമായി ബന്ധപ്പെട്ട ഈ ശീർഷകത്തിൽ കുടിശ്ശിക ബില്ലുകൾ തീർപ്പാക്കുന്നതിനായി 10 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5051-80-001-95- തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധനച്ചെലവ് - പൊതുവായ - ഭരണവും നടത്തിപ്പും - പുതിയാപ്പയിലെ ഓഫീസ് സമുച്ചയ നിർമ്മാണം (ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്)

വിഹിതം:- 50,00,000 രൂപ (പ്ലാൻ)

103. പുതിയാപ്പയിലെ ഓഫീസ് കോംപ്ലക്സിന്റെ നിർമ്മാണം പൂർത്തീകരിക്കുന്നതിന് നടപ്പ് സാമ്പത്തികവർഷം വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 80 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

5051-80-190-98 – തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ് - പൊതുവായ - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങൾക്കുമുള്ള മൂലധന നിക്ഷേപം - കേരള മാരിടൈം ബോർഡ്.

വിഹിതം : 1,00,000/- രൂപ (പ്ലാൻ)

104. ഈ വർഷം പ്രവർത്തനമാരംഭിക്കുന്ന കേരള മാരിടൈം ബോർഡിന്റെ ചെലവുകൾക്കായി 80 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

5051-80-800-57-തുറമുഖങ്ങൾ, ലൈറ്റ് ഹൗസുകൾ എന്നിവയ്ക്കുള്ള മൂലധന ചെലവ് - പൊതുവായ - മറ്റു ചെലവുകൾ - ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിന് വേണ്ടി തിരുവനന്തപുരത്ത് കെട്ടിട നിർമ്മാണം

വിഹിതം : 1,00,00,000/- രൂപ (പ്ലാൻ)

105. ഹൈഡ്രോഗ്രാഫിക് സർവ്വേവിംഗിന് വേണ്ടി തിരുവനന്തപുരത്ത് നിർമ്മിക്കുന്ന കെട്ടിടത്തിന്റെ ബാക്കി നിർമ്മാണ ജോലികൾ പൂർത്തീകരിക്കുന്നതിന് 50 ലക്ഷം രൂപ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.

## ധനാഭ്യർത്ഥന നമ്പർ XLI - ഗതാഗതം

വോട്ട് ചെയ്തത് : 480,09,90,000/- രൂപ

ചാർജ്ജ് ചെയ്തത് : 135,35,29,000/- രൂപ

3056 – ഉൾനാടൻ ജലഗതാഗതം

3056-00-001-99-01 (4) - ഉൾനാടൻ ജലഗതാഗതം - ഭരണവുംനടത്തിപ്പും - മാനേജ്മെന്റ് - ശമ്പളം (മെഡിക്കൽ റീ ഇംബേഴ്സ്മെന്റ് )

വിഹിതം : 79,000 രൂപ (നോൺ പ്ലാൻ)

106. ജീവനക്കാരുടെ മെഡിക്കൽ ബില്ലുകൾ മാറുന്നതിന് നിലവിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-05(3)- ഉൾനാടൻ ജലഗതാഗതം - ഭരണവുംനടത്തിപ്പും - മാനേജ്മെന്റ് - ഓഫീസ് ചെലവുകൾ (ടെലഫോൺ ചെലവ്)

വിഹിതം : 2,78,000 രൂപ (നോൺ പ്ലാൻ)

107. സ്പാർക്ക്, ബ്രോഡ് ബാന്റ് കണക്ഷനുമായി ബന്ധപ്പെട്ട് വരുന്ന അധിക ബിൽ തുക നൽകാൻ നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 80,000 രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-99-21(1)- ഉൾനാടൻ ജലഗതാഗതം - ഭരണവുംനടത്തിപ്പും - മാനേജ്മെന്റ് - മോട്ടോർ വാഹനങ്ങൾ (പുതിയ വാഹനം വാങ്ങൽ)

വിഹിതം : ഇല്ല

108. 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ 21(1) എന്ന ഉപശീർഷകം ഉൾപ്പെടുത്തിയിട്ടില്ലായെന്നും വകുപ്പിന് പുതിയ വാഹനം വാങ്ങുന്നതിനുള്ള പ്രസ്തുത ഉപശീർഷകത്തിൽ നിലവിൽ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ലായെന്നും സമിതിക്ക ബോദ്ധ്യപ്പെട്ടു. ആയതിനാൽ പ്രസ്തുത ഉപശീർഷകം ഉൾപ്പെടുത്തി 15 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-01(4)-ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - ശമ്പളം (മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്)

വിഹിതം : 4,31,000 രൂപ (നോൺ പ്ലാൻ)

109. മെഡിക്കൽ ബില്ലുകൾ മാറുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 14.19 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-06 - ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - വാടക, കരം, നികുതി

വിഹിതം : 80,000 രൂപ (നോൺ പ്ലാൻ)

110. വകുപ്പിന്റെ സർവ്വീസ് ബോട്ടുകളുടെ ഫിറ്റ്നസ്, ലൈസൻസ് എന്നിവ പുതുക്കുന്നതിന് നിലവിലെ ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ

1 ലക്ഷം രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-98-34(3) - ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - ഓപ്പറേഷൻ - മറ്റു ചെലവുകൾ (മറ്റിനം)

വിഹിതം : 12,00,00,000 രൂപ

111. ഡീസലിന്റെ വില വർദ്ധനവ് മൂലമുണ്ടാകുന്ന അധിക ചെലവ് നേരിടുന്നതിന് നിലവിലെ തുക അപര്യാപ്തമായതിനാൽ 4 കോടി രൂപ അധികമായി ഈ ശീർഷകത്തിൽ ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണ മെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-001-97-01(4) - ഉൾനാടൻ ജലഗതാഗതം - ഭരണവും നടത്തിപ്പും - അറ്റകുറ്റപ്പണികളും സംരക്ഷണവും - ശമ്പളം (മെഡിക്കൽ റീ ഇംബേഴ്സ്മെന്റ്)

വിഹിതം : 72,000 രൂപ (നോൺ പ്ലാൻ)

112. ജീവനക്കാരുടെ മെഡിക്കൽ റീ ഇംബേഴ്സ്മെന്റിനായി ഈ ശീർഷകത്തിൽ അനുവദിച്ച തുക അപര്യാപ്തമായതിനാൽ 6 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3056-00-800-99-10-ഉൾനാടൻ ജലഗതാഗതം-മറ്റു ചെലവുകൾ-മറ്റു ചെലവുകൾ - സംഭാവന

വിഹിതം : 15,000 രൂപ (നോൺ പ്ലാൻ)

113. വകുപ്പിലെ ഡോക്ക് ആന്റ് റിപ്പയർ വിഭാഗത്തിലെ ജീവനക്കാരുടെ ഇ.പി.എഫ്., ഇ.എസ്.ഐ. വിഹിതം അടയ്ക്കുന്നതിന് നിലവിലുള്ള ബഡ്ജറ്റ് വിഹിതം അപര്യാപ്തമായതിനാൽ 15,000 രൂപ അധികമായി ധനപുന: വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3075 - മറ്റു ഗതാഗതസർവ്വീസുകൾ

3075-60-800-97 - മറ്റു ഗതാഗതസർവ്വീസുകൾ - മറ്റുള്ളവ - മറ്റു ചെലവുകൾ - ഉൾനാടൻ ജലഗതാഗത കനാലുകളുടെ സംരക്ഷണം

വിഹിതം : 1,82,50,000 രൂപ (നോൺ പ്ലാൻ)

114. ജലഗതാഗത മാർഗ്ഗങ്ങളുടെ സംരക്ഷണ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടത്തുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ

2 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

3075-60-800-90 - മറ്റു ഗതാഗതസർവ്വീസുകൾ - മറ്റുള്ളവ - മറ്റു ചെലവുകൾ - സബർബൻ റെയിൽ സർവ്വീസിനായുള്ള സാദ്ധ്യതാപഠനം.

വിഹിതം : 1,00,000 രൂപ (പ്ലാൻ)

115. സംസ്ഥാനത്തെ സബർബൻ റെയിൽ സർവ്വീസിനായുള്ള സാദ്ധ്യതാപഠനം നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി എം.ആർ.വി.സി. സമർപ്പിച്ചിട്ടുണ്ടെന്നും ഈ പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി 51:49 എന്ന ഓഹരി പങ്കാളിത്തത്തോടെ കേരള സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവുമായി ചേർന്ന് ഒപ്പുവച്ച ധാരണാപത്രപ്രകാരം, രജിസ്റ്റർ ചെയ്യപ്പെടുന്ന സംയുക്ത സംരംഭ കമ്പനി (JVC)-യുടെ കീഴിൽ രൂപീകൃതമാകുന്ന പ്രത്യേക ദൗത്യ വിഭാഗം (SPV) വഴി പദ്ധതി നടപ്പിലാക്കാൻ നടപടികൾ തുടങ്ങിക്കഴിഞ്ഞുവെന്നും സമിതി മനസ്സിലാക്കുന്നു. 2014 വിലനിലവാരം അനുസരിച്ച് തയ്യാറാക്കിയ എസ്റ്റിമേറ്റ് തുക 2016 വിലനിലവാരത്തിലേയ്ക്കു പുതുക്കുന്നതിലേക്കും വിശദ പദ്ധതി റിപ്പോർട്ടിലും 2016 അടിസ്ഥാനമാക്കി വരുത്തേണ്ട മാറ്റങ്ങൾക്കുമായി നിലവിൽ ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 29 ലക്ഷം രൂപ അധികമായി ധനപുനഃ വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5055 - റോഡ് ഗതാഗതം സംബന്ധിച്ച മൂലധനചെലവ്

5055-00-190-99 - റോഡ് ഗതാഗതം സംബന്ധിച്ച മൂലധനചെലവ് - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിക്ഷേപങ്ങൾ.

വിഹിതം : 40,61,00,000 രൂപ (പ്ലാൻ)

116. കെ.എസ്.ആർ.ടി.സി. വർക്ക് ഷോപ്പ് നവീകരണവും അടിസ്ഥാന സൗകര്യ വികസനവും, സമ്പൂർണ്ണമായ കമ്പ്യൂട്ടറൈസേഷനും ഇ-ഗവേണൻസ് നടപ്പാക്കലും, കെ.എസ്.ആർ.ടി.സി. ഡ്രൈവർമാർ, ടെക്നിക്കൽ ഓഫീസർമാർ/ പേഴ്സണൽ എന്നിവരുടെ പരിശീലനം, വാഹനവ്യൂഹങ്ങളുടെ നവീകരണവും ഗുണനിലവാരം മെച്ചപ്പെടുത്തലും തുടങ്ങിയ പദ്ധതികൾ നടപ്പാക്കുന്നതിനായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 56.35 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5055-00-190-94 - റോഡ് ഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ് - പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- - കെ.യു.ആർ.ടി.സിയുടെ ഹരിത നഗരം പദ്ധതി.

വിഹിതം : 1000 രൂപ (പ്ലാൻ)

117. കെ.യു.ആർ.ടി.സി.യുടെ ഹരിത നഗരം പദ്ധതി പ്രകാരം 1000 പുതിയ സി.എൻ.ജി. ബസ്സുകൾ സർക്കാരിന്റെ പ്രത്യേക വായ്പാ പദ്ധതിയിൽ ഉൾപ്പെടുത്തി 300 കോടി രൂപാ മുതൽ മുടക്കിൽ നിരത്തിലിറക്കുമെന്ന് ബഡ്ജറ്റ് പ്രസ്താവനയിൽ സൂചിപ്പിച്ചതനുസരിച്ച് ഈ ശീർഷകത്തിൽ (+)1(1000 രൂപ) "ന്യൂ സർവ്വീസ് " ആയി ടോക്കൺ തുക വകയിരുത്തിയതായി സമിതി മനസ്സിലാക്കുന്നു. ആയതിനാൽ പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ട അടിസ്ഥാന സൗകര്യ വികസനത്തിനായി 230 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5056 - ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്

5056-00-104-85(01) - ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്- നാവിഗേഷൻ-കേരള പരിപ്രേഷ്യ പദ്ധതി 2030-ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ (കൊച്ചി സംയോജിത ജലഗതാഗത പദ്ധതി)

വിഹിതം: 1,00,000/-രൂപ (പ്ലാൻ)

118. കൊച്ചിയിലെ സംയോജിത ജലഗതാഗത പദ്ധതിയുമായി ബന്ധപ്പെട്ട വായ്പാ-പദ്ധതി കരാറുകൾ ഒപ്പുവച്ചുകഴിഞ്ഞതായി സമിതി മനസ്സിലാക്കുന്നു. പദ്ധതിയുടെ പ്രാരംഭപ്രവൃത്തികൾക്കായി സംസ്ഥാന നിക്ഷേപവിഹിതമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 24.99 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5056-00-190-96 - ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്- പൊതുമേഖലയിലും മറ്റുസ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കൊച്ചിയിൽ വേഗതയേറിയ കടത്ത് സർവ്വീസ്.

വിഹിതം : 3,00,00,000 രൂപ (പ്ലാൻ)

119. രണ്ട് അതിവേഗ ഫെറി ബോട്ടുകളുടെ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 2 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5056-00-190-95- ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-
പൊതുമേഖലയിലും മറ്റുസ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-
കടത്ത് സർവ്വീസ് ടെർമിനലിന്റെ പുനർനിർമ്മാണം

വിഹിതം : 1,50,00,000 രൂപ (പ്ലാൻ)

120. ഫെറി ടെർമിനൽ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണെന്നും വലിയ ജലവാഹനങ്ങൾ അടുപ്പിക്കുന്നതിന് നിലവിലുള്ള കാലപ്പഴക്കംചെന്ന ജെട്ടി പുനർനിർമ്മിക്കേണ്ടതുണ്ടെന്നും അതിനായുള്ള മതിപ്പ് ചെലവ് 225 ലക്ഷം രൂപയാണെന്നും സമിതി മനസ്സിലാക്കുന്നു. ആയതിനാൽ ഈ ശീർഷകത്തിൽ 75 ലക്ഷം രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5056-00-190-93 - ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-
പൊതുമേഖലയിലും മറ്റുസ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-
കാർഗോ ബാർജ്ജുകളുടെ നിർമ്മാണം (കേരള സംസ്ഥാന ഉൾനാടൻ
ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡ്).

വിഹിതം : 5,50,00,000 രൂപ (പ്ലാൻ)

121. 2 കാർഗോ ബാർജ്ജുകൾ നിർമ്മിക്കുന്നതിനായി ഈ ശീർഷകത്തിൽ 5.5 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഈ തുക അപര്യാപ്ത മായതിനാൽ 3 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5056-00-190-92 - ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്-
പൊതുമേഖലയിലും മറ്റുസ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-
തീം ക്രൂസ് വെസ്സലുകളുടെ നിർമ്മാണം (കേരള സംസ്ഥാന
ഉൾനാടൻ ജലഗതാഗത കോർപ്പറേഷൻ ലിമിറ്റഡ്.

വിഹിതം : 1,00,000 രൂപ (പ്ലാൻ)

122. വിനോദസഞ്ചാരികൾക്ക് കടൽയാത്രയ്ക്ക് ഉതകുന്ന രീതിയിലുള്ള ക്രൂസ് വെസ്സലിന്റെ നിർമ്മാണത്തിന് ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 5.49 കോടി രൂപ അധികമായി ധനപുനഃവിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5056 -00-190-91- ഉൾനാടൻ ജലഗതാഗതം സംബന്ധിച്ച മൂലധനച്ചെലവ്- പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കൊച്ചിയിലെ ഉൾനാടൻ കനാലുകളുടെ വികസനം പഠനവും വിശദമായ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കലും

വിഹിതം: 1,00,000 രൂപ (പ്ലാൻ)

123. കൊച്ചിയിലെ കനാലുകളുടെ വികസനത്തിനായി വിശദമായ പഠനം നടത്തുന്നതിനും രൂപരേഖ തയ്യാറാക്കുന്നതിനുമായി ഈ ശീർഷകത്തിൽ വകയിരുത്തിയ തുക അപര്യാപ്തമായതിനാൽ 99 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075 - മറ്റു ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്

5075-60-190-96- മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധന ചെലവ്- മറ്റുള്ളവ- പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ-കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ്

വിഹിതം : 51,000 രൂപ (പ്ലാൻ)

124. കൊച്ചി മെട്രോ റെയിലിന്റെ ജെ.എൽ.എൻ സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള പുതിയ മെട്രോ പാതയുടെ നിർമ്മാണത്തിന് സംസ്ഥാന സർക്കാർ അനുമതി നൽകിയിട്ടുണ്ടെന്നും 2024 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പ്രസ്തുത പദ്ധതി കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യ ഓഹരി പങ്കാളിത്തത്തോടെയാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്നും സമിതി മനസ്സിലാക്കുന്നു. പദ്ധതിക്കു അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് പ്രാരംഭ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കേണ്ടതിനാൽ ഈ ശീർഷകത്തിൽ 49.9949 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075-60-190-94(01)- മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനച്ചെലവ്-മറ്റുള്ളവ- പൊതുമേഖലയിലും മറ്റു സ്ഥാപനങ്ങളിലുമുള്ള നിക്ഷേപങ്ങൾ- കേരള പരിപ്രേക്ഷ്യ പദ്ധതി 2030 ന്റെ കീഴിലുള്ള മുൻഗണനാ പദ്ധതികളുടെ നടപ്പിലാക്കൽ (കേരള റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷൻ നിക്ഷേപങ്ങൾ )

വിഹിതം : 1,00,000 രൂപ (പ്ലാൻ)

125. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോ പദ്ധതികൾക്കായി സ്റ്റേഷൻ, ഇലക്ട്രിക്കൽ സബ് സ്റ്റേഷൻ, ഡിപ്പോ എന്നിവയുടെ നിർമ്മാണത്തിനായി ഭൂമി ഏറ്റെടുക്കേണ്ട നടപടികൾ പൂർത്തിയാക്കാനും റാപ്പിഡ് ട്രാൻസിറ്റ് കോർപ്പറേഷന്റെ അഡ്മിനിസ്ട്രേറ്റീവ് ചെലവുകൾക്കുമായി ഈ ശീർഷകത്തിൽ 343.99 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

<u>പൊതു ശിപാർശ</u>

126. തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ ലൈറ്റ് മെട്രോയുടെ നിർമ്മാണവും നാഷണൽ ഹൈവേയുടെ റീതി കൂട്ടലും ഒരേ സമയം ചെയ്യണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

5075-60-800-94 - <u>മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്-മറ്റുള്ളവ-മറ്റുചെലവുകൾ-ഉൾനാടൻ ജലഗതാഗതം (സ്റ്റേറ്റാവിഷ്കൃതം) ഭരണവും നടത്തിപ്പും</u>

വിഹിതം: 70,32,00,000 രൂപ (പ്ലാൻ)

127. കനാലുകൾ, നടപ്പാലങ്ങൾ, ബോട്ടുജെട്ടികൾ എന്നിവ നിർമ്മിക്കുന്നതിനും പുനരുദ്ധരിക്കുന്നതിനും അതിർത്തി നിർണ്ണയിക്കുന്നതിനുമായി കൂടുതൽ തുക ആവശ്യമാകയാൽ ഈ ശീർഷകത്തിൽ <u>100 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

5075-60-800-83 - <u>മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്-മറ്റുള്ളവ-മറ്റുചെലവുകൾ -കൊച്ചി നഗരത്തിലെ മെട്രോ റെയിൽ പദ്ധതി.</u>

വിഹിതം: 50,000 രൂപ (പ്ലാൻ)

128. കൊച്ചി മെട്രോ റെയിൽ പദ്ധതിയുടെ പേട്ട-തൃപ്പൂണിത്തുറ ഘട്ടം IA യുടെയും ജെ.എൽ.എൻ. സ്റ്റേഡിയം മുതൽ കാക്കനാട് വരെയുള്ള പുതിയ മെട്രോ പാതയുടെയും തയ്യാറെടുപ്പുജോലികൾക്കും ഭൂമി ഏറ്റെടുക്കലിനും പദ്ധതി നിർമ്മാണ ജോലികൾക്കുമായി 326.35 കോടി രൂപയും കേന്ദ്ര സർക്കാർ അനുവദിച്ച നികുതിയിളവിന് തത്തുല്യമായി 182.59 കോടി രൂപ കീഴ്ക്കടമായും സംസ്ഥാന നികുതി ഇനത്തിൽ റീ ഇമ്പേഴ്സ്മെന്റായി 25 കോടി രൂപയും സംസ്ഥാന സർക്കാർ അനുവദിക്കേണ്ടതായിട്ടുണ്ടെന്ന് സമിതി മനസ്സിലാക്കുന്നു ആയതിനാൽ ഈ ശീർഷകത്തിൽ <u>504.585 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥന വഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.</u>

5075-60-800-70 - <u>മറ്റ് ഗതാഗത സർവ്വീസുകൾക്കുള്ള മൂലധനചെലവ്-മറ്റുള്ളവ-മറ്റുചെലവുകൾ-സബർബൻ റയിൽ പദ്ധതി.</u>

വിഹിതം : ഇല്ല.

129. സബർബൻ റെയിൽ പദ്ധതിയുടെ സാധ്യതാപഠനം നടത്തി വിശദമായ പദ്ധതി റിപ്പോർട്ട് എം.ആർ.വി.സി സമർപ്പിച്ചിട്ടുണ്ടെന്നും പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായുള്ള നടപടികളുടെ ഭാഗമായി 51:49 എന്ന ഓഹരി പങ്കാളിത്തത്തോടെ കേരള സർക്കാരും കേന്ദ്ര റെയിൽ മന്ത്രാലയവും ചേർന്ന് ഒപ്പുവച്ച ധാരണാപത്ര പ്രകാരം രജിസ്റ്റർ ചെയ്യപ്പെടുന്ന സംയുക്ത സംരംഭ കമ്പനി (JVC) യുടെ

കീഴിൽ രൂപീകൃതമാകുന്ന പ്രത്യേക ദൗത്യവിഭാഗം (SPV) വഴി പദ്ധതി സംബന്ധിച്ച നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നതായും സമിതി മനസ്സിലാക്കുന്നു പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഒരു പ്രോജക്ട് ഡയറക്ടറെ നിയമിക്കുകയും തിരുവനന്തപുരത്ത് ഒരു ഓഫീസും പ്രവർത്തിച്ചുവരുന്നതിനാൽ ശമ്പള ഇനത്തിനും ഓഫീസ് പ്രവർത്തനത്തിനും ഏകോപന പ്രവർത്തനങ്ങളുടെ ചെലവിലേയ്ക്കുമായി ഈ ശീർഷകത്തിൽ 35 ലക്ഷം രൂപ അധികമായി ധനപുന:വിനിയോഗം/ ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു

7055- റോഡ് ഗതാഗതത്തിനുള്ള വായ്പകൾ

7055-00-190-99- റോഡ് ഗതാഗതത്തിനുള്ള വായ്പകൾ- പൊതുമേഖലയ്ക്കും മറ്റു സ്ഥാപനങ്ങൾക്കുമുള്ള വായ്പകൾ-കേരള സ്റ്റേറ്റ് റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനുള്ള വായ്പകൾ

വിഹിതം : 180,00,00,000 രൂപ (നോൺ പ്ലാൻ)

130. പെൻഷൻ വിതരണവുമായി ബന്ധപ്പെട്ട വിഷയങ്ങൾ ചർച്ച ചെയ്തു പരിഹരിക്കുന്നതിനായി ബഹു.മുഖ്യമന്ത്രി 22-12-2014-ന് വിളിച്ചുചേർത്ത യോഗത്തിൽ 2015 ഏപ്രിൽ 1 മുതൽ കെ.എസ്.ആർ.ടി.സി.യിൽ പെൻഷൻ വിതരണം സുഗമമായി നടത്തുന്നതിനായി പെൻഷൻ ഫണ്ട് രൂപീകരിക്കുമെന്നും ഇതിനായി പ്രതിമാസം പെൻഷനുവേണ്ടി വരുന്ന തുകയുടെ പകുതി എന്നാൽ 20 കോടിയിൽ കൂടാത്ത തുക സർക്കാർ വിഹിതമായി നോൺ പ്ലാൻ ഇനത്തിൽ നൽകുവാനും ബാക്കി കെ.എസ്.ആർ.ടി.സി. നൽകുവാനും തീരുമാനിക്കുകയുണ്ടായി. എന്നാൽ 22-12-2014-നുശേഷം കൂടുതൽ ജീവനക്കാർ പെൻഷനാവുകയും ക്ഷാമാശ്വാസ കുടിശ്ശിക പെൻഷൻകാർക്കു അനുവദിച്ചത് മൂലവും 2016 ജൂലൈ മാസത്തിൽ പെൻഷൻ ബാദ്ധ്യത 55 കോടിയിൽ എത്തി നിൽക്കുന്നതായും സമിതി വിലയിരുത്തുന്നു. 2017 മാർച്ച് മാസംവരെ പെൻഷൻ സുഗമമായി വിതരണം ചെയ്യണമെങ്കിൽ ആകെ 305 കോടി രൂപ അധികമായി ആവശ്യമാകയാൽ ഈ ശീർഷകത്തിൽ 205 കോടി രൂപ അധികമായി ധനപുന:വിനിയോഗം/ഉപധനാഭ്യർത്ഥനവഴി അനുവദിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## പൊതു ശിപാർശ

131. കൊല്ലം മുതൽ ഹോസ്ദുർഗ്ഗ് വരെയുള്ള കനാലുകളിലെ ബോട്ടുയാത്ര സുഗമമാക്കുന്നതിനായി കനാലുകളിലെ പായലും പോളയും കാലാകാലങ്ങളിൽ നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

132. കോട്ടപ്പുറം - കൊല്ലം ജലപാത പദ്ധതി സംബന്ധിച്ച പ്രായോഗിക പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

133. സർക്കാർ വിവിധ ജന വിഭാഗങ്ങൾക്ക് നൽകിവരുന്ന യാത്രാസൗജന്യവും യാത്രാക്കൂലിയിലെ ഇളവുകളും കെ.എസ്.ആർ.ടി.സി.യ്ക്ക് അമിത ബാദ്ധ്യത വരുത്തുന്നതായി സമിതി വിലയിരുത്തുകയും കെ.എസ്.ആർ.ടി.സി.യെ നിലനിർത്തേണ്ടത് സർക്കാരിന്റെ ബാദ്ധ്യതയാണെന്ന് അഭിപ്രായപ്പെടുകയും ചെയ്തു. ആയതിനാൽ ഈ ഇനത്തിൽ കെ.എസ്.ആർ.ടി.സി.യ്ക്കുണ്ടാകുന്ന സാമ്പത്തിക ബാദ്ധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

തിരുവനന്തപുരം,
2016 ആഗസ്റ്റ് 16.

ജി.സുധാകരൻ,
*ചെയർമാൻ,*
*സബ്ജക്ട് കമ്മിറ്റി V.*

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2016

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.